Vol. 23. No. 4.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക

ആണ്ടടക്കം മുൻകൂർ) April 1925. (1 ബ്രി. രൂപാമാത്രം

# വിഷയവിവരണിക.

വേജ്

1. പീഡാനുഭവപ്പാന. ദിവ്യശ്രീ ക. നി. മ്മ. സ. മാണിക്കത്തനാർ. 73
2. പ്രസാധകക്കുറിപ്പുകൾ. 74
3. റോമ്മായാത്ര. നി വ. ദിവ്യശ്രീ കുഴ്ഞാളശ്ശേരിൽ മാർതോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനത്തിൽനിന്നും. 75
4. ദൈവജനനിയും ദിവ്യരക്ഷകൻെറ പീഡാനുഭവവും. വെറി റവ. ഫാദർ അലോഷ്യസ് സി. ഡി. 75
5. പ്രാർത്ഥനയെപ്പററി രണ്ടു വാക്ക്. ദിവ്യശ്രീ കാപ്പിൽ കുഴ്ഞാക്കാസു ശ. പിഎച്ച്. ഡി. 77
6. ക്രീസ്റ്റോപദേശശതകം (പദ്യം) പി. ജെ 78
7. വേദപുസ്തകപാരായണം വെറി റവ ഫാദർ അലക്സാണ്ടർ സി. ഡി 80
8. ധന്യയായ കൊച്ചുത്രേസ്യാ. റവ. ഫാദർ മാത്യു പുതിയിടം. 81
9. ആദ്ധ്യാത്മികപുസ്തകങ്ങൾ. ശ്രീമാൻ സി. അന്തപ്പായി ബി. ഏ. 82
10. ക്രിസ്ത്യേതരന്മാരായ സഹോദരന്മാർ. റവ. ഫാദർ തോമസ് മണ്ണഞ്ചേരി. 84
11. കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. സ്വന്തം കൊച്ചച്ചൻ. 86
12. തിരുഹൃദയ പൊതുനിയോഗം. 87
13. നാല്പതുമണി ആരാധന. 88
14. വർത്തമാനസംഗ്രഹം, മനോഗുണവിവരം, ചരമവാർത്ത. 89
15. പഞ്ചാംഗം. 82

## നമ്മുടെ കർത്താവ് ഈശോമ്ശിഹായുടെ പീഡാനുഭവം.

നാലു സുവിശേഷങ്ങളിലുംനിന്ന പീഡാനുഭവചരിത്രം ഒരുമിച്ചെടുത്തു പാനരീതിയിൽ എഴുതി ചില സൂചനകളോടും പടങ്ങളോടുംകൂടി അച്ചടിച്ചിട്ടുള്ളതു. "അമ്മ കന്യാ എന്ന വ്യാകുലപ്രലാപവും" ദൈവസ്തോത്രകീർത്തനവും, ഒരു ഗീതപ്രാർത്ഥനയും, വിശേഷാൽ ചേർത്തിരിക്കുന്നു. ഗ്രന്ഥകർത്താ ക. നി മൂ. സ ബ. മാണിക്കത്തനാർ. പുസ്തകം ഒന്നിനു വില ചക്രം ൫. ൧൨-നു ഒന്നു കമ്മിഷൻ. വിശുദ്ധവാരത്തിലും മരണാവസരങ്ങളിലും ഉപയോഗിക്കുന്നതിനു ഇപ്പുസ്തകം അത്യന്തം യോജിച്ചതാകുന്നു.

സൂപ്രണ്ട്, സെൻറു ജോസഫ്സ് പ്രസ്സ്, മാന്നാനം.

## കുസുമമത്സരം.

മാർച്ച് ൨൭-ാം തീയതിയിലെ കണക്ക്.

(1) കുറവിലങ്ങാടു ൩൩; (2) പുത്തൻതോപ്പ് ൨൯; (3) കോയിൽവിള ൧൯; (4) ചങ്ങനാശേരി ൧൩; (5) ചേർത്തല ൧൦; (6) മണിമല, കൊച്ചിൻ, (7) കുത്താട്ടുകുളം, കൊല്ലം ൪; (8) സിലോൺ ൭; (9) ആലപ്പുഴ, ആനിക്കാടു, കല്ലൂർക്കാട്, അങ്കമാലി. ൩.



*St. J. Press, Mannanam.*

# കർമ്മല കുസുമം.

പുസ്തകം ൨൩ } ൧൯൨൭ ഏപ്രിൽ. { ലക്കം ൮


## നമ്മുടെ ദിവ്യരക്ഷകന്റെ പീഡാനുഭവം. (പാന)

(ഉടനെ പുറപ്പെടുവാനിരിക്കുന്ന ഒരു കൃതിയിൽനിന്ന്)

ഏമ്മാനുവേലാമെന്നാമകാരണൻ
തന്മേനിതന്നിൽപ്പീഡ സഹിച്ചതും,
വന്മാനഹാനിപ്പെട്ടു ദുഃഖിച്ചതും,
വന്മരത്തിൽ മൃതിപ്പെട്ടയിത്തതും
വ്യക്തമായ സുവിശേഷങ്ങൾ നാലില്യ—
മുക്തമായതു പാനയായ്പ്പാടുന്നേൻ.
ഘോരപാപമകററിസ്സുഖ്യഗുണ
പൂരമായുള്ള മുക്തി ലഭിപ്പുവാൻ
പാരം ശക്തികലന്ന സിദ്ധൌഷധ
സാരമാണിതറിയേണമേവരും.
സങ്കടങ്ങളകററുവതിന്നിതു
പങ്കഹീനമാം മൂലികതന്നെയാം.
തങ്കവും നവരത്നനികരവും
ചെങ്കല്ലാണിതിനോട്ടുപമിക്കുകിൽ.
ശ്രദ്ധയോടിതു കേൾക്കുക മാന്യരെ!
സിദ്ധമായ്‌വരും സർവ്വസുഖങ്ങളും.
ഭക്തിയോടിതു ചൊല്ലുവാനേശുവെ!
ശക്തിതന്നു തുണെക്ക നിൻദാസനെ.
ക്രൂശിൽത്തൂങ്ങിമരിച്ചനിൻഛായയെ—
ന്നാശയത്തിൽപ്പതിച്ചരുളേണമെ.
അമ്മെ! വ്യാകുലരാജ്ഞി! മറിയമെ!
നിന്മകനോടെനിക്കായിരക്കണെ.
ക്രിസ്തുനാഥചരിതം മലങ്കരെ—
യെത്തിയാദ്യമറിയിച്ച താതനാം
മാർത്തോമ്മായുമനുഗ്രഹിക്കേണമീ—
വാർത്ത വേണ്ടതുപോലുരചെയ്യുവാൻ.

## പെസഹാ വ്യാഴാഴ്ച. (ഒടുവിലത്തെ അത്താഴം.)

### ൧. അത്താഴത്തിനുള്ള ഒരുക്കം.

(വി. മത്താ. അ. ൨൬. വാ. ൧൭—൧൯; വി. മർക്കോ. അ. ൧൪. വാ. ൧൨—൧൬;
വി. ലൂക്കാ. അ. ൨൨. വാ. ൭—൧൩.)

പാസ്കാമേഷശാബത്തെ വധിച്ചവ—
രൊക്കെയും ഭുജിക്കേണ്ടതിനുള്ളൊരു
പത്തീറായിൻ പ്രഥമദിനേശിഷ്യ—
രെത്തിയേശുവോടാശു ചൊന്നീടിനാർ:
"പാസ്കായങ്ങശിക്കേണ്ടതിന്നായിട്ടെ—
ങ്ങിക്കിൽ ഞങ്ങളൊരുക്കേണം നായക?"
അപ്പോളിത്ഥം പറഞ്ഞിരുശിഷ്യരാം
കേപ്പാ, ജോണിവരെയയച്ചേശു താൻ:
"പോകുവിൻ പാസ്കാ നാം ഭുജിക്കേണ്ടതി—
ന്നാകവേ തയാർ ചെയ്തുകൊണ്ടീടുവിൻ.
അംഭസ്സുകൊണ്ടു പൂർണ്ണമായീടിന
കുംഭവും വഹിച്ചുംകൊണ്ടൊരു മാനുഷൻ
അന്നഗരത്തിലെത്തുമ്പോൾ നിങ്ങൾക്കു
മുന്നിലെത്തുപെടുമിതോർത്തീടുവിൻ.
ചെന്നവൻ കേറും വീട്ടിലേക്കായിട്ടു
പിന്നാലെ നടകൊള്ളുവിൻ നിങ്ങളും.
അപ്പുമാനെത്തും വീട്ടധികാരിയോ—
ടിപ്പ്രകാരം പറഞ്ഞു കൊണ്ടീടുവിൻ:
'നായകനരുൾ ചെയ്യുന്നെനിക്കുള്ള—
തായ നേരമടുത്തു കഴിഞ്ഞിതാ.
നിന്നോടൊന്നിച്ചെൻ ശിഷ്യരുമായി ഞാ—
നിന്നു പാസ്ക്കാ ഭുജിക്കേണമാകയാൽ

ശിഷ്യന്മാരോടുകൂടിപ്പെസഹാ ഞാൻ
ഭക്ഷിക്കേണ്ടുന്ന ശാലയിങ്ങെതുവാൻ?'
തൽക്ഷണമവൻ കാട്ടും വലിയൊരു
ഭക്ഷണശാല സജ്ജമായുള്ളതു്.
തൽസ്ഥാനത്തു പെസഹാ ഭുജിപ്പൂവാ-
നാസ്ഥയോടൊരുക്കീടുവിൻ സർവ്വം."

യാത്രചെയ്തിരു ശിഷ്യരുമൊത്തുചെ-
ന്നെത്തിപ്പട്ടണത്തിന്നകം ചേർന്നുടൻ
സ്വാമി ചൊന്നതുപോലെ കണ്ടെതുമേ
താമസംവിനാ പാസ്ക്കായൊരുക്കിനാർ.

ക. നി. മൂ. സ. മാണിക്കത്തനാർ.

# പ്രസാധകക്കുറിപ്പുകൾ.

## വിശുദ്ധവാരം.

കത്തോലിക്കാസഭയിലെ തിരുകർമ്മങ്ങൾ എല്ലാം മഹത്വവും ദൈവികത്വവും പ്രത്യോദിപ്പിക്കുന്നതാണെങ്കിലും വിശുദ്ധവാരം അഥവാ വലിയ ആഴ്ച എന്നു് പറയപ്പെടുന്ന ദിവസങ്ങളിലെ ഓരോ ചടങ്ങുകളും പ്രത്യേകം ഹൃദയാവർജ്ജകങ്ങളാണു്. ദുഃഖത്തിന്റെയും സഹതാപത്തിന്റെയും ലക്ഷണങ്ങളല്ലാതെ എവിടെ നോക്കിയാലും കാണ്മാനില്ല. ദിവ്യരക്ഷകന്റെ പീഡാനുഭവത്തിന്റെ സ്മരണയേയും പാപത്തിന്മേലുള്ള മനസ്താപത്തേയും ജനിപ്പിക്കത്തക്ക ഈ കർമ്മങ്ങളിൽ വിശ്വാസത്തോടുകൂടെ പങ്കുകൊള്ളുന്ന ഏതൊരു സത്യക്രിസ്ത്യാനിക്കും നിരവധി ആത്മികനന്മകൾ സിദ്ധിക്കാതിരിക്കുന്നതല്ല. "ലോകത്തിന്റെ രക്ഷ തൂങ്ങിയിരിക്കുന്ന സ്ലീവാമരം ഇതാ! വരുവിൻ നമുക്കു ആരാധിക്കാം" എന്നു് ദുഃഖവെള്ളിയാഴ്ച കുരിശുമുത്തിക്കുന്നതിനു് മുമ്പുള്ള ആ പ്രലാപഗാനം ഏതു ഹൃദയത്തേയാണു് ഇളക്കാത്തതു്! എത്ര മാനസാന്തരങ്ങളാണു് ഈ ദിവസങ്ങളിൽ ഉണ്ടാകാറുള്ളതു്. ക്രിസ്തീയമായ വിധത്തിൽ ഈ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നവർക്കു ഭാഗ്യം.

## ഉയിർപ്പുതിരുനാൾ.

പീഡാനുഭവം കഴിഞ്ഞുള്ള തിരുസഭയുടെ ജയഘോഷം നമ്മുടെ നിത്യപരമാനന്ദത്തിന്റെ ഒരു സാദൃശ്യമാകുന്നു. "മ്ശിഹായോടുകൂടെ പാടുപെടുന്നവർ മ്ശിഹായോടുകൂടെ ഉയിർത്തെഴുന്നേല്ക്കും"മെന്നുള്ള ആശ്വാസപ്രദമായ സത്യത്തെ ഈ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നു. "മരണത്തെ ജയിച്ച നിന്റെ ഏകപുത്രൻമൂലം ഞങ്ങൾക്കു നിത്യാനന്ദത്തിലേക്കുള്ള വഴിയെ തുറന്നുതന്ന സർവ്വേശ്വരാ! നിന്റെ വെളിവാൽ പ്രേരിപ്പിച്ച ഞങ്ങളുടെ ആഗ്രഹങ്ങളെ നിന്റെ സഹായത്താൽ പൂർത്തീകരിക്കണമേ" എന്നാണു് തിരുസഭ ആ ദിവസത്തിൽ പ്രാർത്ഥിക്കുന്നതു. ഇപ്പോൾ പാടുപെടുന്ന നമ്മുടെ ഈ ശരീരം നിത്യകാലത്തേക്കു സൂര്യനേപ്പോലെ പ്രകാശിക്കാനുള്ളതാണെന്നു വിചാരിച്ചു പ്രതിദിനയുദ്ധത്തിൽ ധൈര്യസമേതം പോരാടുമെങ്കിൽ വിജയം നിശ്ചയമായിരിക്കും.

## പുതിയ പുസ്തകങ്ങൾ.

പുത്തൻപള്ളി ലീഗു പ്രസിദ്ധീകരണംവക ഹിന്ദുമതം ലക്കം. 3. സത്യവേദപാഠാവലി ലക്കം 2. കോട്ടയം കോൺഫറൻസ് പ്രസിദ്ധീകരണംവക "കത്തോലിക്കാസഭയും വേദപുസ്തകവും" രണ്ടാംപതിപ്പു ഇതുകൾ നന്ദിപൂർവ്വം കൈപ്പററിയിരിക്കുന്നു. അഭിപ്രായം പിന്നാലെ.

---


വിശുദ്ധസഭ.

സുമാർഗ്ഗപ്രകാശിക. 3-ാം പുസ്തകം.

സി. അന്തപ്പായി ബി. ഏ.

വില 1 അണ മാത്രം. 1 രൂപക്കു 22 പുസ്തകങ്ങൾ. 1 രൂപക്കു പുസ്തകം ഒന്നിച്ചെടുക്കുന്ന ആറോ ഏഴോ ഏജണ്ടന്മാരേക്കൂടെ ആവശ്യമുണ്ടു്. ഏജണ്ടന്മാർക്കു കുസുമം മാസംതോറും സൌജന്യമായി അയച്ചുകൊടുക്കുന്നതാണു്. പണം മണിയോർഡർ അയക്കുക. വി. പി. അയക്കുന്നതല്ല.

മാനേജർ, കർമ്മലകുസുമം മാന്നാനം.

# റോമ്മാ യാത്ര.

(നി. വ. ദിവ്യശ്രീ കള്ളാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനത്തിൽനിന്നു.)

ബ. അച്ചന്മാരെ, സ്നേഹിക്കപ്പെട്ട വിശ്വാസികളേ, നമ്മുടെ പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസു പാപ്പാ തിരുസഭയുടെ ഭരണാധികാരം സ്വീകരിക്കയും കേരളീയ സുറിയാനി ക്രിസ്ത്യാനികളായ നമുക്കു മെത്രാക്കിനെ അനുവദിച്ചുതരികയും ചെയ്തിരിക്കുന്നതോടുകൂടിത്തന്നെ തിരുസഭയുടെ ജൂബിലിവത്സരവും ആരംഭിച്ചിരിക്കുന്നതോക്കുമ്പോൾ പല ന്യായങ്ങളാലും നാം പരിശുദ്ധ പിതാവിനെ സന്ദർശിച്ചു തിരുസിംഹാസനത്തോടുള്ള നമ്മുടെ സ്നേഹബഹുമാനാദരങ്ങളെ പ്രദർശിപ്പിക്കുവാനും, എവിടെ വച്ചു നാം ഒന്നാമതായി ദിവ്യകാരുണ്യകർത്താവിനെ കരങ്ങളിൽ വഹിച്ചു നിത്യപിതാവിനു സമർപ്പിക്കുന്നതിനും സംഖ്യാതീതങ്ങളായ അനുഗ്രഹങ്ങൾ നമുക്കു ലഭിക്കുന്നതിനും ഇടയായോ, ആ പരിശുദ്ധ ദേവാലയങ്ങളേയും സ്ഥലങ്ങളേയും സന്ദർശിച്ചു ദൈവത്തിനു നന്ദിപറയുവാനും, നമുക്കുള്ള കടമ അപരിഹാര്യമാണെന്നു നാം വിചാരിക്കുന്നു.

അതിനാൽ ഈ മാസം ൨൭-ാംനു-നാം കൊളംബിൽ നിന്നു് നിത്യനഗരമായ റോമ്മിലേയ്ക്കു യാത്ര ആരംഭിക്കുന്നതും, നാം തിരിച്ചുവരുന്നതുവരെയുള്ള നമ്മുടെ രൂപതയുടെ ഭരണം നമ്മുടെ വികാരി ജനറാൾ വന്ദ്യദിവ്യശ്രീ മോൺസിഞ്ഞോർ കല്പറമ്പിൽ യാക്കോബ് അച്ചൻ അവർകളെ ഭരമേല്പിച്ചുകൊണ്ടു് അദ്ദേഹത്തെ നമ്മുടെ അഡ്മിനിസ്റ്റ്രേറ്ററായി നാം നിശ്ചയിച്ചിരിക്കുന്നതുമാകുന്നു.

നിങ്ങൾ അദ്ദേഹത്തെ നിങ്ങളുടെ ഇടയനും ഉപദേഷ്ടാവുമായി അംഗീകരിച്ചു് അനുസരിക്കണമെന്നു നാം ആജ്ഞാപിക്കയും നമ്മുടെ യാത്രാരംഭം മുതൽ നാം തിരിച്ചുവരുന്നതുവരെ നിങ്ങളോരോരുത്തരും നമുക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്നു് നിങ്ങളോടു നാം അപേക്ഷിക്കയും ചെയ്യുന്നു.

തിരുക്കുടുംബനായകനും തിരുസഭാമദ്ധ്യസ്ഥനുമായ നമ്മുടെ പിതാവു മാർ യൗസേപ്പിന്റെ തിരുക്കരങ്ങളിൽ നമ്മേയും നമ്മുടെ രൂപതയേയും നിങ്ങളോരോരുത്തരേയും പ്രത്യേകവിധം ഭരമേല്പിക്കയും, പരിശുദ്ധ കന്യക മറിയത്തിന്റേയും മാർ യൌസേപ്പുപിതാവിന്റേയും മാദ്ധ്യസ്ഥംമൂലം ഈശോയുടെ ദിവ്യകാരുണ്യ ഹൃദയത്തിൽ നമുക്കു് എല്ലാവർക്കും നിത്യസമാധാനം ഉണ്ടാകട്ടെ എന്നു് ആശംസിച്ചുകൊണ്ടു് നിങ്ങളെ എല്ലാവരേയും നാം ഹൃദയപൂർവ്വം ആശീർവ്വദിക്കുകയും ചെയ്യുന്നു.

✠ കള്ളാളശ്ശേരിൽ തോമ്മാ,

ചങ്ങനാശേരി രൂപതയുടെ മെത്രാൻ.

# ദൈവജനനിയും ദിവ്യരക്ഷകന്റെ പീഡാനുഭവവും.

രക്തസാക്ഷികൾ നിഷ്ഠുരന്മാരായ നാടുവാഴികളിൽ നിന്നു ദുസ്സഹമായ വേദനകൾ അനുഭവിച്ചിരുന്ന നേരത്തുതന്നെ മ്ശിഹായുടെ നേരേയുള്ള സ്നേഹം നിമിത്തം അവർണ്ണനീയമായ ആശ്വാസം അവർക്കു സിദ്ധിച്ചിരുന്നു. വി. വിനസന്തിയോസ് സ്വഹദാത്വത്തിന്റെ രക്തസാക്ഷിത്വത്തിൽ അതിദാരുണമായ വേദനയാണു് അനുഭവിച്ചതു്. എന്നാൽ വി. അഗുസ്തീനോസ്

പറയുംപ്രകാരം ഇദ്ദേഹത്തെ പീഡന യന്ത്രംകൊണ്ടു വലിച്ചുനീട്ടി ബാധിച്ചപ്പോഴും ഇരിമ്പുചീപ്പുകളാൽ മാന്തിയപ്പോഴും ചുട്ടുപഴുത്ത തകിടുകൾകൊണ്ടു പൊള്ളിച്ചപ്പോഴും ഈ പീഡകളെല്ലാം വേറെ ആരോ സഹിച്ചിരുന്നെന്നു തോന്നുമാറു് അദ്ദേഹം വിനോദസംഭാഷണം ചെയ്തിരുന്നു. സങ്കടങ്ങളുടെ മദ്ധ്യേ ഈ വിശുദ്ധനുണ്ടായിരുന്ന ദൈവസ്നേഹത്തിന്റെ മാധുര്യം വഴിയായി ദൈവം അദ്ദേഹത്തിനു കൊടുത്തിരുന്ന സമാധാനത്തിന്റെ ആധിക്യത്താൽ സധൈര്യം ഹാസ്യരൂപേണ ക്രൂരാധികാരികളോടു സംസാരിച്ചിരുന്ന വിധത്തെകണ്ടിരുന്നവർ പീഡിതനായ വിനസന്തിയോസും സംസാരിച്ചിരുന്ന വിനസന്തിയോസും ഒരാൾതന്നെയോയെന്നു് സംശയം തോന്നിപ്പോയി. ഇതുപോലെ തന്നെയാണു് ബൊനിപ്പാസിപ്പുണ്യവാനും ഉഗ്രപീഡകളുടെ മദ്ധ്യേ പ്രദർശിപ്പിച്ചതു്. കഠോരമായ ആയുധങ്ങൾകൊണ്ടു് അദ്ദേഹത്തിന്റെ ശരീരത്തെ കീറിമുറിക്കുന്നു. ചെത്തിക്കൂർത്ത സാധനങ്ങൾ നഖങ്ങൾക്കുള്ളിൽ കുത്തിക്കടത്തുന്നു. ഉരുക്കിയ ഈയം വായിൽ ഒഴിക്കുന്നു. ഇങ്ങനെ തീവ്രവേദന അനുഭവിക്കുന്ന നേരത്തു അദ്ദേഹം ഇടവിടാതെ "എന്റെ ഈശോയേ! അങ്ങയെ ഞാൻ സ്തുതിക്കുന്നു" എന്നു് പറഞ്ഞിരുന്നു. വിശുദ്ധന്മാരായ മർക്കോസിന്റെയും മർസ്സീനോസിന്റെയും രക്തസാക്ഷിത്വം നോക്കിയാലും ഇപ്രകാരംതന്നെ കാണാം. അവർ ഒരു സ്തംഭത്തിൽ ബന്ധിക്കപ്പെടുകയും അവരുടെ കാലുകൾ ഇരുമ്പാണികൾകൊണ്ടു് തറയ്ക്കപ്പെടുകയും ചെയ്തശേഷം അവരോടു അധികാരി "നിർഭാഗ്യരേ! നിങ്ങളുടെ പരിതാപകരസ്ഥിതിയെക്കണ്ടു ഈ പീഡകളിൽ നിന്നു് നിങ്ങളെത്തന്നെ രക്ഷിക്കുവിൻ" എന്നും മററും പറഞ്ഞു അവരെ ശാസിക്കുകയുണ്ടായി. എന്നാൽ അവരുടെ മറുപടി ഇപ്രകാരമായിരുന്നു. "എന്തു പീഡകളേയും വേദനകളേയും പററിയാണു് നിങ്ങൾ പറയുന്നതു്? ഈശോമ്ശിഹായ്ക്കുവേണ്ടി സ്വമനസ്സാലെ ഞങ്ങൾ വേദനസഹിക്കുന്നു. ഈ അവസരത്തിലെപ്പോലെ ഇത്രസന്തുഷ്ടിയോടെ ഒരു വിരുന്നു് ഇതിന്നു് മുമ്പൊരിക്കലും ഞങ്ങൾ അനുഭവിച്ചിട്ടില്ല," ഇപ്രകാരം തന്നെ അചഞ്ചനീയമായ വേദനകൾ അനുഭവിച്ച ഒരു മഹാത്മാവാണു് വി. ലെയൊന്തിയോസ് സഹദാ. അദ്ദേഹം ഇരുമ്പുകട്ടിൽ കിടന്നു കത്തിയെരിഞ്ഞിരുന്ന സമയത്തു് ആ അഗ്നിക്കു് അദ്ദേഹത്തിന്റെ ശരീരത്തെ പീഡിപ്പിക്കുന്നതിന്നുണ്ടായിരുന്ന ശക്തിയെക്കാൾ അധികമായിട്ടുള്ള ശക്തി, അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിനു് അദ്ദേഹത്തിന്റെ ഹൃദയത്തിൽ കത്തിക്കൊണ്ടിരുന്ന ദൈവസ്നേഹാഗ്നിക്കു് ഉണ്ടായിരുന്നു എന്നു് വി. ലെയോൻ പ്രസ്താവിക്കുന്നു. ഈ ദൈവസ്നേഹം തന്നെയാണു്, "ഹാ! ക്രൂരനായ നാടുവാഴി! എന്റെ മാംസം ഭക്ഷിക്കുന്നതിന്നു് നീ ആഗ്രഹിക്കുന്നെങ്കിൽ ഇതാ ഒരു ഭാഗം വെന്തുകഴിഞ്ഞിരിക്കുന്നു മറിച്ചിട്ടു് തിന്നുകൊൾക," എന്നു പറഞ്ഞുകൊണ്ടു് അയാളെ അധിക്ഷേപിക്കുന്നതിന്നുള്ള ശക്തി വി. സഹദായ്ക്കു ആ നേരത്തു് കൊടുത്തതു്. ഈ രക്തസാക്ഷി ഇത്ര ദുസ്സഹമായ വിധത്തിൽ കഠിനതരമായ പീഡകൾ അനുഭവിക്കയിൽ ഇപ്രകാരം ആനന്ദതുന്ദിലനായിതീന്നതെങ്ങനെ? ഈ ചോദ്യത്തിനു് കുശാഗ്രബുദ്ധിയായ വി. അഗുസ്തീനോസു് മല്പാൻ പറയുന്ന ഉത്തരം കേട്ടുകൊൾവിൻ. "അദ്ദേഹം ദൈവസ്നേഹമെന്ന വീഞ്ഞുകുടിച്ചു് ഉന്മത്തനായിരുന്നതുകൊണ്ടു് മരണമാകട്ടെ പീഡകളാകട്ടെ യാതൊന്നും അറിഞ്ഞിരുന്നില്ല." ഇങ്ങനെ രക്തസാക്ഷികൾക്കു മ്ശിഹായുടെ നേരേയുള്ള സ്നേഹം എത്ര വലുതായിരിക്കുന്നുവോ അവരുടെ പീഡകളുടെയും മരണത്തിന്റെയും ഉഗ്രത അത്രയും കുറച്ചുമാത്രമേ അവർക്കു് തോന്നിയിരുന്നൊള്ളൂ. കുരിശിന്മേൽ തൂങ്ങിമരിച്ച ദൈവത്തിന്റെ സ്മരണമാത്രം അവരെ ആശ്വസിപ്പിക്കുന്നതിന്നു് മതിയായിരുന്നു.

എന്നാൽ ദേവമാതാവു് തന്റെ പുത്രന്റെനേരെയുള്ള സ്നേഹംകൊണ്ടും

പുത്രന്റെ പീഡകളുടെ ദൎശനംകൊണ്ടും വല്ല ആശ്വാസവും പ്രാപിക്കയുണ്ടായോ? ഇല്ല, ഒരിക്കലുമില്ല. നേരെ മറിച്ച് സ്വപുത്രന്റെ വേദനകൾ തന്നെയായിരുന്നു മറിയത്തിന്റെ ദുഃഖത്തിന്നു് ഏകകാരണം. ഈ തിരുക്കുമാരനോടു് ദൈവജനനിക്കുള്ള സ്നേഹമായിരുന്നു അവരെ ബാധിച്ച അതിക്രൂരനായ ഏക ഹിംസകൻ. എന്തുകൊണ്ടെന്നാൽ കഠിനവേദന അനുഭവിച്ചുകൊണ്ടിരുന്ന നിൎമ്മലനായ പുത്രന്റെ നേരേയുള്ള സഹതാപത്തിലല്ലാതെ വേറെ യാതൊന്നിലുമല്ല മറിയത്തിന്റെ രക്തസാക്ഷിത്വം അടങ്ങിയിരിക്കുന്നതു്. തന്നിമിത്തം പുത്രനെ എത്രയധികം സ്നേഹിച്ചിരുന്നുവോ അത്രയധികം ദിവ്യമാതാവു് ദുഃഖിക്കയും ആശ്വാസരഹിതയായിത്തീരുകയും ചെയ്തു. "നിന്റെ ക്ലേശം സമുദ്രംപോലെ വലുതാകുന്നു; ആർ നിന്നെ സുഖമാക്കും." ഹാ! സ്വൎഗ്ഗരാജ്ഞീ! ദൈവസ്നേഹം മററുള്ള രക്തസാക്ഷികളുടെ മുറിവുകളെ സുഖപ്പെടുത്തുകയും വേദനകളെ ശമിപ്പിക്കയും ചെയ്തിരുന്നു. എന്നാൽ അങ്ങേ ദുഃഖങ്ങളെ മധുരീകരിക്കുന്നതിന്നും അങ്ങേ ഹൃദയത്തിലെ വേദനയേറിയ മുറിവുകളെ സുഖപ്പെടുത്തുന്നതിന്നും എന്തുണ്ടായിരുന്നു? ആർ അങ്ങയെ സുഖമാക്കും? അങ്ങയെ ആശ്വസിപ്പിപ്പാൻ ശക്തനായ അങ്ങേ തിരുക്കുമാരൻ തന്നെയല്ലയോ അങ്ങേ വേദനകളുടെ ഹേതുഭൂതൻ? അദ്ദേഹത്തിന്റെ നേരെ അങ്ങേക്കുള്ള സ്നേഹംതന്നെയല്ലയോ അങ്ങേ രക്തസാക്ഷിത്വത്തിന്നു കാരണമായിത്തീൎന്നതു്. പൌലോസ് ശ്ലീഹാ ഒരു വാളോടുകൂടെയും ബൌറന്തിയോസ് സഹദാ ഒരു ഇരുമ്പട്ടപ്പോടുകൂടെയും അന്ത്രയോസ് ശ്ലീഹാ ഒരു കുരിശോടുകൂടെയും ചിത്രങ്ങളിൽ കാണപ്പെടുന്നു. ഇതുപോലെ മററുള്ള രക്തസാക്ഷികളുടേയും പ്രതിമകളും രൂപങ്ങളും അവരവരുടെ പീഡകൾക്കു് കാരണമായ ആയുധങ്ങളോടുകൂടെയാണു് നേത്രങ്ങൾക്കു വിഷയീഭവിപ്പിക്കുന്നതു്. എന്നാൽ ദിയേസ് എന്ന മഹാൻ പ്രസ്താവിക്കുന്നതുപോലെ പരിശുദ്ധ വ്യാകുലമാതാവു് തന്റെ പുത്രന്റെ മൃതശരീരം മടിയിൽ വഹിച്ചുകൊണ്ടിരിക്കുന്നതായിട്ടാണു് ബിംബിപ്പിക്കപ്പെടാറുള്ളതു്. എന്തുകൊണ്ടെന്നാൽ മ്ശിഹായുടെനേരെ ഈ അമ്മയ്ക്കുണ്ടായിരുന്ന സ്നേഹം നിമിത്തം അദ്ദേഹം ഈ അമ്മയുടെ രക്തസാക്ഷിത്വത്തിന്റെ ഏകകാരണമായിരുന്നു. വി. ബെൎണ്ണാർദ് ഇവയെല്ലാം സംക്ഷേപിച്ചു് പറയുന്നതായതു്:— "മററുള്ള രക്തസാക്ഷികളുടെ വിഷയത്തിൽ ദൈവസ്നേഹജ്ജ്വാല അവരുടെ വേദനകളെ ശമിപ്പിച്ചിരുന്നു. എന്നാൽ കന്യകമറിയം ദൈവത്തെ എത്രയധികം സ്നേഹിച്ചിരുന്നുവോ അത്രയും ആ നാഥയുടെ വ്യസനം വൎദ്ധിക്കുകയും രക്തസാക്ഷിത്വം വേദനയുള്ളതാകയും ചെയ്തു.

ക്രിസ്ത്യാനികളേ! യാതൊരാശ്വാസവും കൂടാതെ ഇത്ര അവൎണ്ണനീയമായ പീഡ അനുഭവിക്കുന്ന വ്യാകുലമാതാവിനെ നമ്മുടെ സഹതാപത്താൽ ആശ്വസിപ്പിക്കേണ്ടതല്ലയോ?

ഫാദർ അലോഷ്യസ് സി. ഡി.

## പ്രാൎത്ഥനയേപ്പററി രണ്ടുവാക്കു്.

### VI. പ്രാൎത്ഥനയുടെ ആവശ്യം. (തുടൎച്ച)

ഈ കാരണത്താൽ വി. ബസിൽ ക്രിസോസ്തോമോസ്, ക്ലെമന്റ് ആദിയായ സഭാപിതാക്കന്മാരോടുകൂടി ഭൂരിപക്ഷം വേദശാസ്ത്രജ്ഞന്മാരും പ്രായപൂൎത്തിയായവൎക്കു പ്രാൎത്ഥന രക്ഷയ്ക്കുള്ള മാൎഗ്ഗമാകുന്നു എന്നു പഠിപ്പിക്കുന്നു. ദൈവത്തിനു തന്നെ ഭരമേല്പിക്കാതെയും, രക്ഷക്കാവശ്യമായിരിക്കുന്ന അനുഗ്രഹങ്ങളെ തന്നോടു

പേക്ഷിക്കാതെയും ഒരാൾ മുക്തിപ്രാപിക്കുക കേവലം അസാദ്ധ്യമാണ്. ജ്ഞാനസ്നാനാനന്തരം മനുഷ്യൻ മോക്ഷലബ്ധിക്കായി സർവ്വദാ പ്രാർത്ഥിക്കേണ്ടതാകുന്നു എന്തെന്നാൽ ജ്ഞാനസ്നാനത്തിൽ നമ്മുടെ ദോഷങ്ങൾ പൊറുക്കപ്പെട്ടെങ്കിലും ലോകം, പിശാച്, ശരീരം എന്ന ശത്രുക്കൾ നമ്മെ ആക്രമിക്കുന്നതിനായി സദാപി സഞ്ചരിക്കുന്നു എന്നു മാലാകയ്ക്കടുത്ത തോമ്മാ മല്ലാൻ സമർത്ഥിക്കുന്നു. യുദ്ധം ചെയ്യാത്തവനു വിജയമില്ല. ദൈവസഹായംകൂടാതെ പൊരുതുവാൻ നമുക്ക സാദ്ധ്യം. അപേക്ഷിക്കാതെ സഹായം കിട്ടുകയില്ല. അതിനാൽ പ്രാർത്ഥനകൂടാതെ രക്ഷയില്ലെന്നു സിദ്ധം.

കൂടാതെയും പ്രാർത്ഥനയുടെ ആവശ്യത്തെ പ്രസ്പഷ്ടമാക്കുന്നതിനു വി. തോമ്മാ മല്ലാൻതന്നെ "ദൈവം അനാദിയിലെ നമുക്കു തരുവാനുറച്ചിരിക്കുന്ന അനുഗ്രഹങ്ങൾ നാം ചോദിക്കാതെ നമുക്കു കിട്ടുകയില്ല. നമ്മുടെ ആവശ്യങ്ങൾ ദൈവം അറിയുന്നതിനായിട്ടല്ല പ്രാർത്ഥിക്കുന്നത്. പിന്നെയോ രക്ഷ പ്രാപിക്കുന്നതിനു ദൈവസഹായം ഒഴിച്ചുകൂടാത്തതാണെന്നു നാം അറിയുന്നതിനും തദ്വാരാ ദൈവത്തെ നമ്മുടെ സ്രഷ്ടാവും രക്ഷിതാവുമായി അംഗീകരിക്കുന്നതിനുമാകുന്നു എന്നു പ്രസ്പഷ്ടമായി പറഞ്ഞിരിക്കുന്നു.

ധാന്യം വിതച്ച് ഭക്ഷണത്തിനുള്ളവ ഉണ്ടാകേണമെന്നുള്ള ദൈവനിശ്ചയംപോലെതന്നെ പ്രാർത്ഥന വഴിയായി രക്ഷക്കാവശ്യമായിരിക്കുന്ന അനുഗ്രഹങ്ങളെ പ്രാപിക്കേണമെന്നും താൻ തിരുമനസ്സായിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ദൈവം തരുന്ന അനുഗ്രഹങ്ങളൊഴിച്ചാൽ നാം ദരിദ്രരാണെന്നു താല്പര്യം. ദൈവം തരുന്നതിനു എപ്പോഴും സന്നദ്ധനായിരിക്കുന്നു. എന്നാൽ 'ചോദിക്കാതെ തരികയില്ല', എന്നു വി. അഗസ്തീനോസും "ചോദിക്കുവിൻ, നിങ്ങൾക്കു തരപ്പെടും" എന്ന് നമ്മുടെ ദിവ്യരക്ഷകനും അത്ര വ്യക്തമായി പറഞ്ഞിരിക്കുമ്പോൾ പ്രാർത്ഥനയുടെ ആവശ്യത്തെപ്പറ്റി നമുക്കു സംശയിപ്പാൻപോലും ന്യായമില്ല.

ആത്മാവിന്റെ അഭാവത്തിൽ ശരീരത്തിനു സംഭവിക്കുന്ന നിർജ്ജീവാവസ്ഥ തന്നെ പ്രാർത്ഥനയുടെ അഭാവത്തിൽ ആത്മാവിനും സംഭവിക്കുന്നു. പ്രാർത്ഥന ആത്മാവിന്റെ ആഹാരമാകുന്നു. ഭക്ഷണപാനീയങ്ങൾ ശരീരപോഷണത്തിനു എത്ര ആവശ്യമായിരിക്കുന്നുവോ അതിൽ കൂടുതലായി പ്രാർത്ഥന ആത്മപോഷണത്തിനു ആവശ്യമായിരിക്കുന്നു. പ്രാർത്ഥനയിൽ വിമുഖനായിരിക്കുന്നവൻ പാപത്താൽ ആത്മാവിനെ മലിനപ്പെടുത്താതിരിക്കുക അസാദ്ധ്യം. വേദപുസ്തകത്തിൽനിന്നും പിതാക്കന്മാരുടെ ലിഖിതങ്ങളിൽനിന്നും എടുത്തിട്ടുള്ള മേൽ ഉദ്ധരിച്ച വാക്യങ്ങൾ പ്രാർത്ഥനയുടെ ആവശ്യത്തെ വ്യക്തമാക്കുവാൻ ധാരാളം പര്യാപ്തങ്ങളാണെന്നുള്ള വിശ്വാസത്തോടുകൂടി ഈ ഭാഗം സമാപിക്കുന്നു.

കാപ്പിൽ കുര്യാക്കോസ് ശെമ്മാശ്,
പി.എച്ച്. ഡി.

## ക്രിസ്തോപദേശശതകം. (തുടർച്ച)

(പി. ജെ.)

വിധിയാലോ മടിക്കാതാ
പാറാവിൽ നിന്നെയാക്കിടും
പിന്നെ നീ നിന്റെ സർവ്വസ്വം
കൊടുത്താലേ വിമുക്തനാം. 26

വ്യഭിചാരം പ്രവർത്തിക്കൊ-
ല്ലെന്നു പൂർവ്വിക സൂരികൾ
നിഷ്കൃഷ്ടയായ് വിധിച്ചിട്ടു
ണ്ടെന്നാലതു മപൂർണ്ണമാം 27

മതിലാഞ്ഛനയാ, യാവൻ
പരനാരിയെ നോക്കിടും
അവനക്ഷമ്യമാം വണ്ണം
മനസാ വ്യഭിചാരിയാം. 28

കണ്ണിനാൽ കന്മഷത്തിൽ നീ
വീഴുകിൽ ചൂന്നെടുക്കു്;
കണ്ണില്ലാത്തതിനേക്കാളും
ദണ്ഡംതന്നെ കെടാത്തതീ. 29

കയ്യിനാൽ പാപമുണ്ടാകിൽ
വെട്ടിക്കളയതും തഥാ;
പോകട്ടേ ബാഹുവെന്നാലും
നരകാഗ്നിയൊഴിഞ്ഞുപോം. 30

ത്യജിക്കാം ഭാര്യയെയെന്നു
പരക്കെ ചൊല്ലപ്പതെങ്കിലും
ചാരിത്രഭംഗമുള്ളപ്പോൾ
മാത്രമേയതു സാധുവാം. 31

അല്ലാതാർ വേർപെടുത്തീടു-
മവനോ പാപകാരണം;
ത്യക്തയാം സ്ത്രീയെ വേൾക്കുന്നോൻ
സത്യമായ് വ്യഭിചാരിയാം. 32

ആണയിട്ടീടൊലായെന്നു്
കാണുംവേദത്തിൽ നിങ്ങളും
യാതൊന്നോ പറയുന്നേരം
ഋജുവായ് കാര്യമോതണം. 33

സ്വർഗ്ഗം, ഭൂ, ഓർശ്ലേമെന്നുള്ള
ശുദ്ധവസ്തുക്കൾ പേരിലായ്
ആണയിട്ടു കഥിക്കൊല്ലേ
സർവ്വേശനിഷ്ടമായിടാ. 34

കണ്ണിനു കണ്ണെടുക്കുന്ന
ദണ്ഡനീതി പ്രസിദ്ധമാം;
എന്നാലി ക്രൂരമാം ചട്ടം
സ്വീകരിക്കൊല നിങ്ങളും. 35

വലത്തേ കവിളിൽ ക്രൌര്യാൽ
ഏകൻ താഡിച്ചുവെങ്കിലോ
കാട്ടികൊൾകുടനേതന്നേ
ഇടത്തുള്ളൊരു കന്നവും. 36

യാവനോ തർക്കവാദാൽ നിൻ
നേര്യതങ്ങോട്ടെടുക്കുകിൽ
ഉടനേ കഞ്ചുകംകൂടി
കൊടുക്കേണമവന്നു നീ. 37

ഒരുനാഴിക പോകാനാ-
യേകനർത്ഥിച്ചുവെങ്കിലോ
രണ്ടുനാഴിക പൊയ്ക്കൊൾക;
ഇപ്രകാരം ക്ഷമിക്കുക. 38

അർത്ഥിപ്പോർക്കു കൊടുത്താല്പ-
മർത്ഥമെന്തെങ്കിലും ദ്രുതം
വായ്പവാങ്ങാൻ വരുന്നോരിൽ
ദുർമ്മുഖം കാട്ടിടായ്ക നീ. 39

'സ്നേഹിക്കേണ മടുത്തോരേ
ദ്വേഷിച്ചീടുക വൈരിയേ'
എന്നു നിങ്ങൾ ഗ്രഹിച്ചിട്ടു-
ണ്ടെന്നാൽ കേൾക്ക മമാശയം:- 40

വൈരിയിൽ പ്രിയമാർന്നീടിൻ;
ശപിപ്പോരേ നമിക്കുവിൻ:
ദ്വേഷിപ്പോർക്കു ഗുണംചെയ്യിൻ
പീഡ ചെയ്വോർക്കുപേക്ഷയും 41

ഈവിധം ചെയ്കിലേ നിങ്ങൾ
ദൈവത്തിൻ മക്കളായിടൂ.
വെയിലും മഴയും ദൈവം
ഏകുന്നേവർക്കുമൊന്നുപോൽ. 42

ഇഷ്ടരേ മാത്രമേ നിങ്ങൾ
സ്നേഹിച്ചീടുവതെങ്കിലോ
ശ്രൈഷ്ഠ്യമെന്താണിതിൽ പാർത്താൽ
ദുഷ്ടരും ചെയ്യുമീവിധം. 43

അതിനാൽ ചെയ്കയെപ്പോഴും
നന്മ ദുഷ്ടരോടാകിലും
ഈശപൂർണ്ണതയീവണ്ണം
വശമാക്കുക നിങ്ങളും. 44

അന്യന്മാർ കണ്ടു വാഴ്ത്താനായ്
ദാനധർമ്മങ്ങൾ ചെയ്യൊലാ
അവ്വണ്ണം ചെയ്യുവോർക്കീശൻ
കൊടുക്കില്ല ഫലം ദൃഢം. 45

മാനത്തിന്നായ് കൊടുപ്പോർകൾ
പെരുമ്പറ മുഴക്കിടും;
കൊട്ടി ഘോഷിച്ചിടും, പിന്നെ
കിട്ടാനെന്തുള്ളവർക്കിനി? 46

വലംകയ്യേകിടും ദാനം
ഇടംകയ്യും ഗ്രഹിക്കൊലാ
ഒളിവായ് ചെയ്ക, സർവ്വേശൻ
വെളിവായ് ഫലമേകിടും 47

ജനങ്ങൾ കണ്ടു ഘോഷിപ്പാൻ
നിങ്ങൾ പ്രാർത്ഥന ചെയ്യൊലാ;
അവ്വണ്ണം ചെയ്യുവോർക്കീശൻ
തൽഫലം നൽകിടാ ദൃഢം. 48

തെരുവിൻ നടുവിൽനിന്നു്
കള്ളഭക്തർ ജപിച്ചിടും;
അവർക്കുള്ള ഫലം പാർത്താൽ
ലോകമാനം ജനശ്രുതി. 46

നിങ്ങളോ ജപമോതുമ്പോൾ
ഉള്ളറയ്ക്കകമേറുവിൻ
ഒളിവായ് നിങ്ങളർത്ഥിച്ചാൽ
വെളിവായേകുമീശ്വരൻ. 50

# വേദപുസ്തകപാരായണം.

ഭക്തിയുള്ള കുടുംബത്തിൽ പിതാവു് മക്കൾക്ക് കൊടുക്കേണ്ട സദുപദേശങ്ങളുടെ ഒരുത്തമദൃഷ്ടാന്തം, പരിശുദ്ധനായ വലിയ തോബിയാസിന്നു കൊടുത്ത ഉപദേശത്തിൽ കാണാവുന്നതാണ്. അപ്രകാരംതന്നെ മക്കൾക്കുടുത്ത കീഴ്‌വഴക്കത്തിന്റെ നല്ല മാതൃക കൊച്ചുതോബിയാസു് ഈ ഉപദേശത്തെ സന്തോഷത്തോടെ സ്വീകരിക്കുന്നതിലും പ്രത്യക്ഷപ്പെടുന്നുണ്ടു്. ആകയാൽ തോബിയാസിന്റെ പുസ്തകം ൪-ാം അദ്ധ്യായത്തിൽനിന്നു പിതാവിന്റെ ഉപദേശവും പുത്രന്റെ സ്വീകരണവും താഴെ ചേർക്കുന്നു:

"എന്റെ മകനെ! എന്റെ വചനങ്ങളെ നീ കേൾക്കുക; അവയെ നിന്റെ ഹൃദയത്തിൽഅടിസ്ഥാനമായിവച്ചുകൊൾക. കർത്താവു് എന്റെ ആത്മാവിനെഎടുക്കുമ്പോൾ എന്റെശരീരത്തെ നീ അടക്കണം. നിന്റെ അമ്മയെ അവളുടെ ജീവപര്യന്തം നീ ബഹുമാനിക്കണം. എന്തുകൊണ്ടെന്നാൽ അവൾ നിന്നെ തന്റെ മടിയിൽ ധരിച്ചുകൊണ്ടു് നിന്നെപ്രതി എന്തുമാത്രം പാടുപെട്ടു എന്നു നീ ഓർക്കണം. അവളുടെ ജീവിതകാലം അവസാനിക്കുമ്പോൾ, എന്റെ അടുക്കൽതന്നെ അവളെയും അടക്കണം. എന്നാൽ നീ നിന്റെ ജീവിതകാലമൊക്കെയിലും ദൈവത്തെ നിന്റെ മനസ്സിൽ ധരിക്കണം. ഒരുനാളും പാപത്തിന്നു സമ്മതിക്കാതിരിക്കുന്നതിനും, നമ്മുടെ തമ്പുരാൻ കർത്താവിന്റെ പ്രമാണങ്ങളെ ലംഘിക്കാതിരിക്കുന്നതിനും സൂക്ഷിച്ചുകൊൾക. നിനക്കുള്ളതിൽനിന്നു ധർമ്മം കൊടുക്കുക; യാതൊരു പാവപ്പെട്ടവന്റെനേരെയും നീ പുറം തിരിച്ചുകളയരുതു്; എന്തുകൊണ്ടെന്നാൽ ഇപ്രകാരം കർത്താവിന്റെ മുഖം നിന്നിൽനിന്നു തിരിക്കപ്പെടുകയില്ല. നിന്റെ പ്രാപ്തിക്കു തക്കവണ്ണം ധർമ്മം ചെയ്യു; നിനക്കു അധികമുണ്ടെങ്കിൽ ധാരാളമായി കൊടുക്കുക; നിനക്കു കുറച്ചേ ഉള്ളുവെങ്കിൽ കുറച്ചുള്ളതു നന്മനസ്സോടെ കൊടുക്കുക; എന്തുകൊണ്ടെന്നാൽ' അതു ആവശ്യനേരത്തു വലിയ പ്രതിഫലം നിനക്കു നൽകും. എന്തെന്നാൽ ധർമ്മം പാപത്തിൽനിന്നും മരണത്തിൽനിന്നും രക്ഷിക്കുന്നു; ആത്മാം അന്ധകാരത്തിൽ വീഴുന്നതിനു സമ്മതിക്കയുമില്ല. ധർമ്മം ചെയ്യുന്ന സകലർക്കും അത്യുന്നതനായ ദൈവത്തിൻമുമ്പാകെ അതു വലിയ മനോശരണത്തിന്നു കാരണമായിരിക്കും. എന്റെ മകനെ സകല അശുദ്ധത്തിൽനിന്നും നീ ഒഴിഞ്ഞിരിക്കണം; നീ വിവാഹംചെയ്ത ഭാര്യയോടുകൂടി വസിക്കുന്നതു ഒഴികെ യാതൊരു തിന്മയും നിന്നിൽ ഉണ്ടാകരുതു. നിന്റെ വിചാരങ്ങളിലും വാക്കുകളിലും നിഗളം ഒരിക്കലും ഉണ്ടാകരുതു. എന്തുകൊണ്ടെന്നാൽ അതിൽനിന്നു സകല നാശവും ഉത്ഭവിക്കുന്നു. നിനക്കു ആരെങ്കിലും വല്ലവേലചെയ്താൽ ഉടനെ അവന്റെ കൂലികൊടുക്കണം; നിന്റെ വേലക്കാരുടെ കൂലി നിന്റെ പക്കൽ നീ ഒട്ടും താമസിപ്പിക്കരുതു. നിനക്കു ശേഷംപേർ ചെയ്യരുതെന്നു നീ ആഗ്രഹിക്കുന്നതിനെ ശേഷംപേരോടു നീയും ഒരുനാളും ചെയ്യരുതു്. പാവപ്പെട്ടവർക്കും വിശപ്പുള്ളവർക്കും നീ തിന്മാൻ കൊടുക്കുക; നഗ്നന്മാർക്കു നീ ഉടുപ്പാൻകൊടുക്കുക. നീതിമാന്റെ കവറിടത്തിന്മേൽ അപ്പവും വീഞ്ഞും നീ വെയ്ക്കു; പാപികളോടുകൂടി നീ തിന്നുകയും കുടിക്കയും ചെയ്യരുതു. ജ്ഞാനിയായ മനുഷ്യനോടു എല്ലാപ്പോഴും ആലോചന ചോദിക്കുക. നീ എല്ലാപ്പോഴും ദൈവത്തെ സ്തുതിക്കണം; നിന്റെ നടപടികളെ ഭരിച്ചു നടത്തുവാൻ തന്നോടുനീ അപേക്ഷിക്കണം; നിന്റെ സകല നിശ്ചയങ്ങളും തന്നിൽ അടിസ്ഥാനപ്പെട്ടിരിക്കണം. എന്റെ മകനെ! നീ കുഞ്ഞായിരിക്കയിൽ ഞാൻ മെദ്യായിലെ പട്ടണമായ

റാഗെസിൽ വസിക്കുന്ന ലിബെൻ എന്നയാൾക്കു പത്തു തലേന്തു വെള്ളികൊടുത്തിട്ടുണ്ടു, അയാളുടെ കൈച്ചീട്ടും എൻെറ പക്കലുണ്ടു എന്നു നിന്നോടുഞാൻ അറീക്കുന്നു; ആകയാൽ നീ അവനെ ചെന്നുകണ്ടു ആ പണത്തുക വാങ്ങുവാനും കൈച്ചീട്ടു തിരികെ കൊടുപ്പാനും ശ്രമിക്കേണം. എൻെറ മകനെ! നീ പേടിക്കേണ്ട; നാം പാവപ്പെട്ടവരാണു ശരിതന്നെ; എന്നാൽ നാം ദൈവത്തെ ഭയപ്പെടുകയും തിന്മയൊക്കെ ഒഴിഞ്ഞുനടക്കയും നന്മപ്രവൃത്തിക്കയും ചെയ്യുമെങ്കിൽ നമുക്കു വളരെ സമ്പത്തുണ്ടാകും. അപ്പോൾ (കൊച്ചു) തോബിയാസ് തൻെറ പിതാവിനോടു മറുപടിആയി: പിതാവെ! അവിടുന്നു എന്നോടു കല്പിച്ചതൊക്കെയും ഞാൻ ചെയ്തുകൊള്ളാമെന്നുപറഞ്ഞു" (Toh. IV. 2- 23; V. 1)

ഫാദർ അലക്സാണ്ടർ സി. ഡി.

# ധന്യയായ കൊച്ചുത്രേസ്യാ.

(സ്വയംകൃത ജീവചരിത്രം.)

അല്ലയോ; ശ്രേഷ്ഠത്തി അമ്മെ! ഇതാണു എൻെറ ആത്മാവിൻെറ ചരിത്രം. അവിടുന്നു ഇതു എഴുതുന്നതിനു എന്നോടു ആജ്ഞാപിച്ചപ്പോൾ പരിഭ്രമമാണു എനിക്കുണ്ടായതു, എങ്കിലും ഇപ്പോൾ അനുസരണം വഴിയായി ഞാൻ ഈശോയെ അധികം പ്രസാദിപ്പിക്കയെയുള്ളൂ എന്നു ശരണപ്പെടുന്നു. ആകയാൽ ഇതാ! കർത്താവിൻെറ കാരുണ്യങ്ങളെ ഗാനം ചെയ്വാൻ ഞാൻ ആരംഭിക്കുന്നു. എന്നേയ്ക്കും അവയെ ഞാൻ പാടുകയും ചെയ്യും.

എഴുതുന്നതിനു മുമ്പു എൻെറ കുടുംബത്തിനു നിരവധി മനോഗുണങ്ങൾ നൽകിയിട്ടുള്ള പരിശുദ്ധ ജനനിയുടെ ആസ്വരൂപത്തിൻ മുമ്പാകെ ഞാൻ സാഷ്ടാംഗം പ്രണമിച്ചു. ആ അമ്മ അംഗീകരിക്കാത്ത ഒററവാക്കെങ്കിലും എഴുതാതിരിക്കുന്നതിനു തക്കപോൽ എൻെറ തൂവലിനെ നയിക്കണമെന്നു ഞാൻ പ്രാർത്ഥിച്ചു. പിന്നീടു സുവിശേഷങ്ങൾ തുറന്നു താഴെപ്പറയുന്ന വചനങ്ങൾ വായിച്ചു 'ഈശോ പർവ്വതത്തിലേയ്ക്കു പോയി' 'തനിയ്ക്കു ഇഷ്ടമുള്ളവരെ തൻെറ പക്കലേയ്ക്കുവിളിച്ചു' പ്രസ്തുത വചനങ്ങൾ എൻെറ ജീവിതം, എൻെറ അന്തസ്സ്, എനിയ്ക്കുലഭിച്ച ദൈവേഷ്ടപ്രസാദം ഇവയെ ശരിയായി ഗ്രഹിക്കുന്നതിനു വലിയ സഹായമായിഭവിച്ചു. ഈശോ യോഗ്യത നോക്കാതെ തനിക്കു ഇഷ്ടമുള്ളവരെ വിളിക്കുന്നു. വി. പൌലോസ് പറയുംപോലെ 'ദൈവത്തിനു തനിക്കിഷ്ടമുള്ളവരുടെ മേൽ കരുണയുണ്ടായിരിക്കും' ആകയാൽ ആഗ്രഹിക്കുന്നവൻെറയൊ ഓടിച്ചെല്ലുന്നവൻെറയൊ അല്ല ദൈവത്തിൻെറ തത്രെ കരുണകാണിയ്ക്കു എന്നതു.

എന്തുകൊണ്ടു ദൈവം എല്ലാവർക്കും ഒരുപോലെ ഇഷ്ടപ്രസാദം നൽകുന്നില്ല, എന്നതിനെകുറിച്ചു ഞാൻ വളരെ വിസ്മയിച്ചിട്ടുണ്ടു. എന്തുകൊണ്ടാണു പൌലോസ്, അഗുസ്തീനോസ്, മറിയം മഗ്ദലേനാ മുതലായ വലിയ പാപികൾ ദുർന്നിവാരമായ ഇഷ്ടപ്രസാദത്താൽ സഹായിയ്ക്കപ്പെട്ടതു; എന്തുകൊണ്ടാണു നമ്മുടെ കർത്താവു ചില പ്രത്യേക ആത്മാക്കളെ സവിശേഷമായി പരിലാളിയ്ക്കയും മാമ്മോദീസായിൽ ലഭിച്ച അവരുടെ നിഷ്കന്മഷത ഒററ ചാവുദോഷം കൊണ്ടുപോലും വഷളാകാതിരിക്കുന്നതിനു സകല പ്രതിബന്ധങ്ങളേയും അവരുടെ വഴിയിൽനിന്നു മാററുകയും ചെയ്യുന്നതു; നേരെമറിച്ചു എന്തുകൊണ്ടാണു നിരവധി പാവപ്പെട്ട മ്ലേച്ഛജാതിക്കാർ ദൈവനാമം പോലും തങ്ങളുടെ ജീവകാലത്തിൽ ശ്രവിക്കാതിരിക്കുന്നതു; ഇപ്പോൾ എനിക്കു ഇതിൻെറ എല്ലാം രഹസ്യം മനസ്സിലായിരിക്കുന്നു. ദൈവം സൃഷ്ടിക്കുന്ന എല്ലാകുസുമങ്ങളും മനോഹരങ്ങളാണു, എന്നാൽ സുഗന്ധ

വാഹിയായ പിച്ചകമൊ, സൌരഭ്യവതിയായ താമരപ്പൂവൊ, ആമ്പലിന്റെ ശുഭ്രതയൊ റോസപ്പൂവിന്റെ കാന്തിയൊ കൊണ്ടുയാതൊന്നും നഷ്ടപ്പെടുത്തുന്നില്ല. എല്ലാപ്പൂവും റോസപ്പൂവാകാനാഗ്രഹിക്കുന്നതായാൽ പ്രകൃതിയ്ക്കു അതിന്റെ വസന്തഋതുവിന്റെ രമണീയത നഷ്ടീഭവിക്കും. മൈതാനങ്ങൾ മേലിൽ വിവിധവൎണ്ണങ്ങൾകൊണ്ടു ഭാസുരമാകുകയില്ല.

ന. കൎത്താവിന്റെ സജീവോദ്യാനമായ ആദ്ധ്യാത്മികലോകത്തിന്റെ കഥയും ഇതുതന്നെ. റോസപ്പൂവും താമരപ്പൂവും പോലെയുള്ളവലിയ പുണ്യവാന്മാരെ താൻ അതിൽ നട്ടിട്ടുണ്ടു. തന്റെ കാൽ പാദത്തുങ്കൽ വികസിക്കുന്നതുകൊണ്ടു തൃപ്തി അടയേണ്ട മുരിക്കിൻപൂ വീണ്ടപ്പൂ, ഇവയേയും താൻ അതിൽ നട്ടിട്ടുണ്ടു. അവ എന്താകുന്നതിനു താൻ ആഗ്രഹിക്കുന്നുവൊ അതു ആയിരിക്കയാണു അവയ്ക്കു കൂടുതൽ ഭാഗ്യകരം, അവയുടെ പൂൎണ്ണതയും ഇതനുസരിച്ചു വൎദ്ധിച്ചിരിയ്ക്കും.

വേറൊരു സംഗതികൂടിയുണ്ടു. ദിവ്യസ്നേഹം ഏററവും ഉന്നതമായ ആത്മാവിൽ ഏററവും താഴ്ന്നതിൽ എന്നതിനേക്കാൾ കൂടുതലായി പ്രത്യക്ഷപ്പെടുന്നില്ല; ഇരുകൂട്ടരും ദൈവത്തിന്റെ ഇഷ്ടപ്രസാദത്തിനു സകലത്തിലും വഴിതുറന്നു കൊടുക്കണമെന്നേയുള്ളു തിരുസ്സഭയിൽ ജ്ഞാനദീപങ്ങളായി പ്രകാശിച്ചിട്ടുള്ള പരിശുദ്ധ മല്പാന്മാരെപ്പോലെ ഓരോ ആത്മാവും ആയിരുന്നെങ്കിൽ ദൈവം അതിനോടു സംയോജിക്കയിൽ തന്റെ സ്നേഹത്തിനു പൎയ്യാപ്തമാംവണ്ണം സ്വയം താഴ്ത്തി എന്നുവരികയില്ലായിരുന്നു. ആകയാൽ താൻ സംസാരിപ്പാൻ വശമില്ലാത്ത കുഞ്ഞുകുട്ടികളേയും സ്വഭാവപ്രമാണം മാത്രം ഗ്രഹിച്ചിട്ടുള്ള പാവപ്പെട്ട കാട്ടാളന്മാരേയും സന്ദൎശിപ്പാൻ തിരുമനസ്സായി. അവർ തന്റെ വയലുകളിലെ കുസുമങ്ങളാകുന്നു, അവയുടെ അനാഡംഭരമായ ലാവണ്യം തന്നെ രസിപ്പിക്കുന്നു, ഇത്രയ്ക്കു സ്വയം താഴ്ത്തിക്കൊണ്ടു തന്റെ അനന്തമായ മാഹാത്മ്യത്തെയല്ലയൊ പ്രത്യക്ഷമാക്കുന്നതു. ദൈവം സൂൎയ്യനെപ്പോലെ ചന്ദനവൃക്ഷത്തിന്മേലും കാനനകുസുമത്തിന്മേലും തുല്യമായി പ്രകാശിക്കുന്നു. നന്മയ്ക്കായി സകലത്തേയും ക്രമപ്പെടുത്തുന്ന തന്നാൽ വലുതൊ ചെറുതൊ ആയ ഏതു ആത്മാവും ശോഭായമാനമാക്കി ചെയ്യപ്പെടുന്നു, ഏററവും നിസ്സാരമായ കാട്ടുചെടിപോലും ക്ഞാപൂസമയത്തു മൊട്ടിടുന്നില്ലയോ.

എന്തിനാണു ഞാൻ ഇതൊക്കെ പറഞ്ഞുകൂട്ടുന്നതെന്നു അമ്മ വിചാരിച്ചേയ്ക്കാം; ഇതേവരെ അവിടുന്നു പ്രതീക്ഷിക്കുംപോലെഒന്നും ഞാൻ എഴുതിയിട്ടില്ലെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ എന്റെ മനസ്സിൽ ഉദിക്കുന്നതൊക്കെ സ്വാതന്ത്ര്യത്തോടെ എഴുതിക്കൊള്ളുന്നതിനാണു അമ്മ പറഞ്ഞിട്ടുള്ളതു; ആകയാൽ ഇവിടെ അമ്മ എന്റെ ജീവചരിത്രം മാത്രമല്ല എനിക്കു ലഭിച്ച വരപ്രസാദങ്ങളെക്കുറിച്ചുള്ള ചിന്തകളും കാണുന്നതായിരിക്കും.

ഫാദർ മാത്യൂ പുതിയിടം]

## ആദ്ധ്യാത്മിക പുസ്തകങ്ങൾ.

കത്തോലിക്കർ ഞായറാഴ്ചകളിൽ പള്ളിയിൽവെച്ച് പഠിപ്പിക്കപ്പെടുന്നതിനു പുറമെ ഗൃഹത്തിൽവെച്ച് ദൈവവചനത്തേയും ഭക്തിജനകങ്ങളായ പുസ്തകങ്ങളേയും വായിക്കുന്നതിന് ഉപദേശിക്കപ്പെടുന്നു. അവയിൽ എഴുതപ്പെട്ടിട്ടുള്ള പുണ്യവാന്മാരുടെ ജീവിതചരിത്രങ്ങൾ ആയുസ്സിന്റെ കൊടുങ്കാറുള്ള സമുദ്രത്തിൽകൂടി അനന്തകാലത്തിന്റെ കരകളിലേക്ക് അവരെ

വഴികാണിക്കുന്ന പ്രകാശമുള്ള നക്ഷത്രങ്ങളെപ്പോലെ ഉപകരിക്കയും, ദൈവവരപ്രസാദത്തിൽനിന്നു് വീണുപോയിട്ടുള്ളവരുടെ ചരിത്രം, ശലമോനും യൂദാസും തങ്ങളുടെ ആത്മാക്കളുടെ കപ്പൽനാശം ചെയ്തതു് യാതൊരു പാറകളിന്മേൽ വെച്ചായിരുന്നുവോ, ആ പാറകളിൽ നിന്നൊഴിഞ്ഞിരിപ്പാൻ പ്രബോധനം ചെയ്യുന്ന ദീപസ്തംഭത്തിലെ വെളിച്ചംപോലെ നില്ക്കയും ചെയ്യുന്നു.

പുണ്യജനകങ്ങളായ നമ്മുടെ പുസ്തകങ്ങൾ മനുഷ്യരുടെ ആത്മാക്കളുടെ സകല ആവശ്യങ്ങൾക്കും ഉതകുന്നവയും പാപഹരണത്തിന്റെ ഫലവത്തായ ഒരു ഉൽഗമസ്ഥാനവും ആകുന്നു. തോമാസ് അകെമ്പീസിന്റെ മിക്കവാറും ഈശ്വരപ്രേരിതമായ ക്രീസ്ത്വാനുഗമനം (Following of Christ) എന്ന പുസ്തകത്തേയും; റോഡ്റിഗ്സിന്റെ ക്രിസ്തീയപരിപൂർണ്ണത (Christian Perfection) എന്ന പുസ്തകത്തേയും; സ്കുപ്പോലിയുടെ അദ്ധ്യാത്മസമരം (Spiritual Combat) എന്ന പുസ്തകത്തേയു; വിശുദ്ധ ഫ്രാൻസീസ് ദെ സാലെസിന്റെ കൃതികളേയും, മററു താപസ ഗ്രന്ഥകർത്താക്കന്മാരുടെ അസംഖ്യം പുസ്തകങ്ങളേയും, വായിച്ചിട്ടു് ആർക്കാണു് ആദ്ധ്യാത്മികമായ പ്രയോജനം ഉണ്ടാകാതിരിക്കുന്നതു്?

ഞാൻ പ്രസ്താവിച്ച പുസ്തക കർത്താക്കന്മാരോടു സ്നിഗ്ദ്ധതകൊണ്ടോ ആരോഗ്യപ്രദമായ പുണ്യംകൊണ്ടോ ഉപമിക്കാവുന്ന പുസ്തക കർത്താക്കന്മാരെ കത്തോലിക്കാ സഭയ്ക്കു പുറമെ അന്വേഷിക്കുന്നതു് വ്യർത്ഥമായിരിക്കും. ഉദാഹരണമായിട്ടു കെമ്പീസിന്റെ പുസ്തകത്തെ ബണ്യന്റെ തീർത്ഥയാത്രക്കാരന്റെ പ്രയാണം, (Pilgrim's Progress) എന്ന പുസ്തകത്തോടോ, ബട്ട്ലെരുടെ "പുണ്യവാന്മാരുടെ ജീവിതചരിത്രങ്ങളെ" (Lives of the Saints) ഫോക്സിന്റെ "രക്തസാക്ഷികളുടെ പുസ്തകത്തോടോ" (Book of Martyrs) ഉപമിച്ചു നോക്കുക. ബട്ട്ലെരുടെ പുസ്തകത്തെ മധുരവും ശാന്തവുമായ ഭക്തിയോടും അദ്ദേഹം യാതൊരു ക്രിസ്തീയനായകന്മാരുടെ ജീവിതചരിത്രങ്ങളെ വിവരിച്ചിരിക്കുന്നുവോ അവരെക്കുറിച്ചുള്ള അഗാധമായ വിസ്മയത്തോടുംകൂടെ നിങ്ങൾ താഴെ വെക്കയും, ഫോക്സിന്റെ പുസ്തകത്തെ കലക്കമുള്ള ഹൃദയത്തോടും പ്രതിക്രിയ ചെയ്വാനുള്ള പാരുഷ്യസംയുക്തമായ ഒരു വിചാരത്തോടുംകൂടെ നിങ്ങൾ നീക്കിവെക്കയും ചെയ്യും. പൊതു പ്രാർത്ഥനയുടെ പുസ്തകത്തെ (Book of Common Prayer) കുറിച്ചു ഞാൻ പറയുന്നില്ല. എന്തുകൊണ്ടെന്നാൽ, അതിൽ ഏററവും നല്ലഭാഗം നമ്മുടെ കുർബാനപ്പുസ്തക (Missal) ത്തിൽനിന്നുള്ള ഒരു തർജ്ജമയാകുന്നു. പ്രോട്ടസ്റ്റൻറുകാരും കെമ്പീസിന്റെ പുസ്തകം പ്രസിദ്ധീകരിക്കുന്നു. പക്ഷെ അങ്ങനെ ചെയ്യുന്നതു് അംഗഭംഗം വരുത്തിയ രൂപത്തിലും, കത്തോലിക്കാ ഉപദേശങ്ങളേയും നടപടികളേയുംകുറിച്ചു മൂലഗ്രന്ഥത്തിലുള്ള സകല ഭാഗങ്ങളേയും സൂക്ഷത്തോടെ തള്ളിക്കളഞ്ഞിട്ടുമാകുന്നു.

ഭക്തിസംവർദ്ധകങ്ങളായ തന്റെ ഇഷ്ടപുസ്തകങ്ങൾ പ്രമാണഭൂതങ്ങളായ നമ്മുടെ പുണ്യഗ്രന്ഥങ്ങളാകുന്നു എന്നു് ബാൾട്ടിമോർ പട്ടണത്തിലെ വിശ്രുതനായ ഒരു എപ്പിസ്ക്കോപ്പൽ വൈദികൻ ഒരിക്കൽ സമ്മതിച്ചു പറകയുണ്ടായി. ഇപ്രകാരം പറഞ്ഞതിൽ ആദ്ധ്യാത്മികമായ കത്തോലിക്കാ ഗ്രന്ഥസമൂഹത്തിന്റെ ശ്രേഷ്ഠതയ്ക്കു അർഹതയും ചാരുത്വവുമുള്ള ഒരു ഉപഹാരം കൊടുക്കയാണു് അദ്ദേഹം ചെയ്തതു്.

സി. അന്തപ്പായി ബി. ഏ.

---

സർപ്പമോ അതുപോലെ വിഷമുള്ള മററു ജന്തുക്കളോ കടിച്ചാൽ ആറു സെക്കണ്ടുനേരം വിഷം കടവായിൽത്തന്നെ നില്ക്കുമെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. അതിനിടയിൽ വിഷത്തെ നശിപ്പിക്കാൻ സാധിക്കാത്തപക്ഷം അതിനെ മേല്പോട്ടു കയറുവാൻ അയക്കാതിരിക്കയെങ്കിലും ചെയ്യേണ്ടതാണു്.

(ധന്വന്തരി.)

## ക്രിസ്ത്യേതരന്മാരായ സഹോദരന്മാർ.

ലോകത്തിലുള്ള എല്ലാ മതങ്ങളിലുംവെച്ച് ക്രീസ്തുമതം മാത്രം സത്യമായിട്ടുള്ളതും രക്ഷപ്രാപിക്കുന്നതിന്നുപകരിക്കുന്നതുമായ മതമാണെന്ന് നാം വിശ്വസിക്കുന്നു. ലോകപരിത്രാതാവായ ഈശോമ്ശിഹാ വഴിയായിട്ടല്ലാതെ യാതൊരു മനുഷ്യനും സ്വർഗ്ഗപ്രവേശം സിദ്ധിക്കുന്നതല്ലാ. "സൂര്യന്കീഴ് രക്ഷപ്രാപിക്കുന്നതിനു പൎയ്യാപ്തമായ വേറൊരു നാമം ഇല്ലാ" എന്ന് വി. പത്രോസ് പ്രസ്താവിച്ചിരിക്കുന്നു. മ്ശിഹായുടെപീഡാനുഭവത്തിന്റെയും കുരിശു മരണത്തിന്റെയും അളവററ യോഗ്യതകൾമൂലമാണ് മനുഷ്യവർഗ്ഗത്തിന്ന് പാപമോചനം സിദ്ധിക്കുന്നതും തന്നിമിത്തം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിന്ന് അർഹത ഉണ്ടായിട്ടുള്ളതും. നിത്യരക്ഷപ്രാപിക്കുന്നതിന്ന്ആഗ്രഹിക്കുന്നവർ എല്ലാവരും ഒന്നാമതായി ചെയ്യേണ്ടത് ഈശോമ്ശിഹായുടെ ആജ്ഞാനുസരണം ജ്ഞാനസ്നാനം സ്വീകരിക്കയത്രെ. എന്തെന്നാൽ, "പരിശുദ്ധാത്മാവിനാലും ജലത്താലും വീണ്ടുജനിക്കാത്ത യാതൊരുത്തനും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതല്ലാ" എന്ന് ദിവ്യരക്ഷകൻ തന്നെ കല്പിച്ചിരിക്കുന്നു. ഇതിനാൽ ജ്ഞാനസ്നാനസ്വീകരണം രക്ഷപ്രാപിക്കുന്നതിന്ന് അത്യന്താപേക്ഷിതമാണെന്ന് തെളിയുന്നുണ്ടല്ലൊ. ഈശോമ്ശിഹായാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതല്ലാതെ ലോകത്തിൽ മനുഷ്യൎക്ക് വേറെ രക്ഷാമാൎഗ്ഗം ഇല്ലെന്നുള്ളത് തീൎച്ചതന്നെ. അതിനാൽ ലോകരക്ഷകനായ മ്ശിഹായെ അറിയാതെയും താൻ സ്ഥാപിച്ച രക്ഷാമാൎഗ്ഗങ്ങളെ ഉപയോഗപ്പെടുത്താതെയും ഇരിക്കുന്ന ആളുകളുടെ സ്ഥിതി അത്യന്തം പരിതാപകരമാണെന്ന് സംവദിക്കാതെ നിവൃത്തിയില്ലാ. സാക്ഷാൽ ക്രിസ്ത്യാനികളും കത്തോലിക്കാ വിശ്വാസികളും ആയിരിക്കുന്ന നാം ഈ വിഷയത്തിൽ ശേഷം എല്ലാജാതികളേക്കാളും അനുഗ്രഹീതരാണെന്ന് മനസ്സിലാക്കിയിരിക്കണം. കത്തോലിക്കാ വിശ്വാസത്തിൽ ജീവിക്കുന്നവരായ നമുക്ക് നമ്മുടെ വിശ്വാസത്തേക്കാൾ വിലയേറിയ ഒരു നിക്ഷേപം കണ്ടെത്താൻ സാധിക്കുന്നതല്ലാ. നമുക്ക് മനസ്സുണ്ടെങ്കിൽ രക്ഷപ്രാപിക്കുന്നതിന്നുള്ള സകല മാൎഗ്ഗങ്ങളും നമ്മുടെ അധീനത്തിൽ ഉണ്ടായിരിക്കുന്നു.

എന്നാൽ ക്രിസ്ത്യേതരന്മാരായ നമ്മുടെ സഹോദരന്മാരുടെ സ്ഥിതി എത്രയോ വ്യത്യസ്ഥമായിട്ടുള്ളതാകുന്നു? സുമനസ്സുകളും പരമാൎത്ഥബുദ്ധികളും ആയ പലേആളുകളേയും അവരുടെ കൂട്ടത്തിൽ കാണുന്നുണ്ട്. മതവിശ്വാസത്തിലും മതകൎമ്മാനുഷ്ഠാനങ്ങളിലും അവർ ഒട്ടും പിന്നോക്കമല്ലാ. എന്നാൽ അവരുടെ മതം ദൈവത്താൽ സ്ഥാപിക്കപ്പെട്ടതല്ലെന്നും രക്ഷപ്രാപിക്കുന്നതിനുപയുക്തങ്ങളായ യാതൊരു മാൎഗ്ഗങ്ങളും അതിൽ ഇല്ലെന്നും നാം അറിയുന്നു. ലോകത്തിന്റെ ഉദ്ധാരണത്തിന്നായി മർത്ത്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോമ്ശിഹായെ അവർ അറിയുകയോ വിശ്വസിക്കയൊ ചെയ്യുന്നില്ലാ. തൻമൂലം കത്തോലിക്കാവിശ്വാസത്തിന്നു പുറമേയുള്ളവരായ നമ്മുടെ സഹോദരങ്ങളുടെ സ്ഥിതി എത്രയോ ദയനീയമാണെന്ന് അനുമാനിക്കാൻ കഴിയും. നമ്മുടെ ദിവ്യരക്ഷകൻ മനുഷ്യനായി അവതരിക്കയും അതിനിഷ്ഠുരമായ പാടുപീഡകൾ അനുഭവിക്കയും തന്റെ തിരുരക്തം ആസകലം ചിന്തി സ്വജീവനെ കുരിശിന്മേൽ ബലിയായി സമൎപ്പിക്കയും ചെയ്തിട്ടുള്ളത്, പാപത്താൽ നശിച്ച മനുഷ്യവംശത്തിന്റെ പുനരുദ്ധാരണത്തിന്നുവേണ്ടി മാത്രമായിരുന്നു. ലോകത്തിലുള്ള മനുഷ്യരിൽ ഒരുവൻ പോലും നശിച്ചുപോകണമെന്ന് അ

വിടുന്ന് ഇച്ഛിക്കുന്നില്ല; എല്ലാവരും രക്ഷപ്രാപിക്കണമെന്നാണ് അവിടുത്തെ അഭിലാഷം. അവിടുന്ന് കുരിശിന്മേൽകിടന്ന് അവൎണ്ണനീയപീഡകൾ അനുഭവിച്ചസമയം മനുഷ്യാത്മാക്കളുടെ രക്ഷയേക്കുറിച്ചുള്ള തീവ്രമായ ആഗ്രഹം മാത്രമാണ് തന്നെ അധികമായി ഞെരുക്കിയിരുന്നതു്. ആത്മാക്കളുടെ രക്ഷ എന്ന മഹനീയമായ കാൎയ്യം സാധിക്കേണ്ടതു് മനുഷ്യരുടെ സഹകരണവും ശുഷ്കാന്തിയും നിമിത്തമായിരിക്കണമെന്ന് അവിടുന്ന് നിൎദ്ദേശിച്ചിരിക്കുന്നു ക്രിസ്തു തന്റെ ശിഷ്യന്മാരോടു് "നിങ്ങൾ ലോകം മുഴവനുംപോയി സകലജാതികളോടും സുവിശേഷം പ്രസംഗിക്കുവിൻ" എന്ന് ആജ്ഞാപിച്ചു. ആ ശിഷ്യവൎഗ്ഗം തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ട ജോലി യഥാശക്തി ഭംഗിയാംവണ്ണം നിൎവ്വഹിച്ചു. ക്രിസ്തു തന്റെ ശിഷ്യൎക്ക് നൽകിയ ആജ്ഞയെ ശതവത്സരങ്ങൾതോറും അഭിനവമായ ഊൎജ്ജസ്വലതയോടു നവീകരിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിൽ ഒരു ഒററ ആത്മാവുപോലും രക്ഷിക്കപ്പെടാനുള്ളടത്തോളം മ്ശിഹായുടെ ഈ ആജ്ഞ പിൻവലിക്കപ്പെടുന്നതല്ലാ. "ലോകരക്ഷ" എന്ന മഹനീയമായകാൎയ്യം സാധിക്കുന്നതിനു് മ്ശിഹാതമ്പുരാൻ നാമോരോരുത്തരേയുംതന്റെക്കൂട്ടുവേലക്കാരായി നിയമിച്ചിരിക്കുന്നു. ആത്മാക്കളുടെ രക്ഷക്കായി വേലചെയ്യുന്നതുപോലെ ഇത്ര വിശിഷ്ടമായ ഒരു കാൎയ്യം ഇല്ലതന്നെ. കേരളീയകത്തോലിക്കാ ജനതതിയുടെ ഇടയിൽ പ്രേഷകവേലയുടെ വൈശിഷ്ട്യത്തേയും മാഹാത്മ്യത്തേയുംപററി ശരിയായ ജ്ഞാനം ഇതുവരെ ഉണ്ടായിട്ടില്ലാ എന്ന് വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കത്തോലിക്കാ ജനസാമാന്യത്തിന്ന് പ്രേഷകവൃത്തിയുടെ ഒരു "അരുചി" ഉണ്ടായിരുന്നുവെങ്കിൽ, അജ്ഞാനാന്ധകാരത്തിൽ നിമഗ്നരായിരിക്കുന്ന അനേകായിരം ആത്മാക്കളെ മാനസാന്തരപ്പെടുത്തുന്നതിന്ന് പണ്ടേതന്നെ സാധിക്കുമായിരുന്നു. നമ്മുടെക്കൂട്ടത്തിൽ ധനികന്മാരും വിജ്ഞന്മാരും ഇതരമതസ്ഥന്മാരുടെ ഇടയിൽ സ്വാധീനശക്തിയുള്ളവരുമായ അനേകം ആളുകൾ ഉണ്ടു്. ഇങ്ങിനെയുള്ളവർ തങ്ങളുടെ ജ്ഞാനത്തേയും സ്വാധീനശക്തിയേയും വേണ്ടിവന്നാൽ ധനത്തിൽ ഒരംശത്തേയും വേദപ്രചാരവിഷയത്തിൽ ഉപയോഗപ്പെടുത്തുന്നതായാൽ "ആത്മാക്കളുടെ ഒരു നല്ല കൊയ്ത്തു കൊയ്യാൻ" സാധിക്കുമെന്നതിന്ന് സംശയമില്ല. ലോകത്തിൽ ഉള്ള കത്തോലിക്കർ എല്ലാവരും മ്ശിഹായുടെ ഓരോ പ്രേഷകന്മാർക്കൂടി ആയിരിക്കണം. നമ്മുടെ ദിവ്യരക്ഷകൻ ഈശോമ്ശിഹായെ അറിഞ്ഞിട്ടില്ലാത്തവരും അവിടുന്ന് നിൎവ്വഹിച്ചിട്ടുള്ള "രക്ഷാകൃത്യ"ത്തേപ്പററി കേട്ടിട്ടില്ലാത്തവരും ആയ ആളുകളോടു ഈ സദ്വൃത്താന്തം അറിയിക്കുന്നതു് എത്രയോ സ്പൃഹണീയമായ കാൎയ്യമാകുന്നു. "നിങ്ങൾപോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ" എന്ന ദിവ്യരക്ഷകന്റെ ആജ്ഞ അനുസരിക്കുന്നതിന്ന് നാമേവരും ബാദ്ധ്യസ്ഥരാകുന്നു. നമ്മുടെ ആയുഷ്കാലത്തിൽ നമ്മുടെ പരിശ്രമഫലമായി ഒരു ആത്മാവിനെ എങ്കിലും മാനസാന്തരപ്പെടുത്തുന്നതിന് സാധിച്ചാൽ അതു് ലോകം മുഴവനും ജയിച്ചടക്കുന്നതിനേക്കാൾ വിലയേറിയ ഒരു വീരകൃത്യമാണെന്നു് നാമേവരും ഗ്രഹിച്ചിരിക്കേണ്ടതാണ്.

അതിനാൽ സുവിശേഷത്തിന്റെ വെളിച്ചം ഇതുവരെ സിദ്ധിച്ചിട്ടില്ലാത്ത അക്രൈസ്തവസഹോദരങ്ങളുടെ മാനസാന്തരം നമ്മുടെ ശ്രദ്ധയെ സവിശേഷം അൎഹിക്കേണ്ട ഒരു ഗൌരവമേറിയ സംഗതിയാണെന്നുമാത്രം പ്രസ്താവിച്ചുകൊണ്ടു തൽക്കാലം വിരമിച്ചുകൊള്ളുന്നു.

ഫാദർ തോമ്മസ് മണ്ണഞ്ചേരി.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### XII. ഡൊമ്നിക്കസാവ്യോയും മാർപ്പാപ്പായും.

പ്രിയ കുഞ്ഞുങ്ങളെ,

നമ്മുടെ ദിവ്യരക്ഷകൻെറ പങ്കപ്പാടിൻെറയും കുരിശുമരണത്തിൻെറയും ഓർമ്മ ഈ മാസത്തിൽ നാം കൊണ്ടാടുന്നു. എന്തിനാണ ഈ പാടുകളെല്ലാം നമ്മുടെ കർത്താവനുഭവിച്ചതു്? മനുഷ്യരേ രക്ഷിപ്പാനാണെന്നു് നിങ്ങൾക്കെല്ലാവർക്കും അറിയാം. ആത്മാക്കളേ രക്ഷിച്ചു നിത്യഭാഗ്യത്തിലേക്കു കൊണ്ടുപോകുന്നതിന്നായിട്ടാണ ദൈവപുത്രൻ മനുഷ്യനായിപ്പിറന്നതും പാടുപെട്ടു മരിച്ചതുമെന്നു നാം വിശ്വസിക്കുന്നു. ആകയാൽ ഇത്ര സ്നേഹംനിറഞ്ഞ കർത്താവിനേ വാസ്തവത്തിൽ നാം സ്നേഹിക്കുന്നുണ്ടെങ്കിൽ തൻെറ ചോരചിന്തി രക്ഷിച്ച ആത്മാക്കൾ രക്ഷപെടുന്നതിനു എരിവുള്ള ആഗ്രഹം നമുക്കും ഉണ്ടാകയും, അവർ രക്ഷയുടെ വഴിയിൽനിന്നു തെറ്റിപ്പോകുന്നതു കാണുമ്പോൾ തന്നോടുകൂടെ നാമും ദുഃഖിക്കയും ചെയ്യും. ഇതാണ കർത്താവിനേ സാക്ഷാൽ സ്നേഹിക്കുന്ന പുണ്യാത്മാക്കളിൽ നാം കണ്ടുവരുന്ന ലക്ഷണം. ഈ ലക്ഷണം നമ്മുടെ ഡൊമ്മിനിയിലും പ്രത്യക്ഷമായി കാണപ്പെട്ടിരുന്നു. കർത്താവിൽനിന്നു അകന്നു നടക്കുന്നവരേ കാണുന്നതു ഈ പുണ്യബാലനു് സഹിച്ചുകൂടാത്ത സങ്കടമായിരുന്നു. അവരേ വീണ്ടു കർത്താവിൻെറ പക്കലേക്കു കൊണ്ടുവരുന്നതിനു എന്തും ചെയ്യാൻ ഒരുക്കമായിരുന്നു. ഇതുനിമിത്തമാണ് സത്യവേദം ഉപേക്ഷിച്ചു പ്രോട്ടസ്റ്റൻറു സഭയിൽ ഉൾപ്പെട്ടുപോയ ഇംഗ്ലണ്ടുരാജ്യത്തെക്കുറിച്ചു ഡൊമ്മിനി പലപ്പോഴും വിലപിച്ചിരുന്നതു. "ഹാ! ഇംഗ്ലണ്ടിൽ എത്ര ആത്മാക്കൾ നമ്മുടെ സഹായം പാർത്തിരിക്കുന്നു! അവിടെച്ചെന്നു പ്രസംഗംകൊണ്ടും സൽകൃത്യങ്ങൾകൊണ്ടും അവരേയെല്ലാം ഈശോമ്ശിഹാക്കു നേടികൊടുക്കുന്നതിന്നു വേണ്ട പുണ്യവും ശക്തിയും എനിക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു" എന്നു മിക്കപ്പോഴും പറഞ്ഞുവന്നിരുന്നു.

൯–ാം പീയൂസ് മാർപ്പാപ്പായേ ഒന്നു കണ്ടു സംസാരിക്കാനിടയായെങ്കിൽകൊള്ളായിരുന്നെന്നു പല അവസരങ്ങളിൽ ഡൊമ്മിനി പറയുന്നതുകേട്ടു ഡോൺബോസ്കോ അച്ചൻ എന്താണ പരിശുദ്ധ പിതാവിനോടു പറയാനുള്ളതെന്നു ചോദിച്ചപ്പോൾ ഒരു രഹസ്യം വെളിപ്പെട്ടു. ഡൊമ്നിക്കു പറയുന്നു:— "ഞാൻ പറയുന്ന ഈ കാര്യം അച്ചൻ മററാരോടും പറയരുതു്. ഒരുദിവസം ഞാൻ കുർബാന കൈക്കൊണ്ടു കഴിഞ്ഞു് ഉപകാരസ്മരണ ചെയ്തുകൊണ്ടു നില്ക്കുമ്പോൾ ഒരു പലവിചാരംപോലെ ഉണ്ടായി. ഒരു വലിയ രാജ്യം എൻെറ മുമ്പാകെ കാണപ്പെട്ടു; അതുമുഴുവൻ മൂടൽമഞ്ഞു നിറഞ്ഞിരുന്നു. അനവധി ആളുകൾ അതിനുള്ളിലുണ്ടായിരുന്നു; വഴിതെററി അവർ അങ്ങുമിങ്ങും അലഞ്ഞു നടന്നിരുന്നു. അപ്പോൾ പടത്തിൽകാണുന്നതരത്തിലുള്ള ഒൻപതാംപീയൂസു മാർപ്പാപ്പാ അവിടെ പ്രത്യക്ഷനായി. അവിടുന്നു മഹിമയേറിയ വസ്ത്രങ്ങൾ ധരിച്ചിരുന്നു. കയ്യിൽ ഒരു ദീപവും ഏന്തികൊണ്ടു അദ്ദേഹം അന്ധകാരത്തിൽ കിടന്ന ആ ജനങ്ങളുടെ പക്കലേക്കു അടുത്തു. മൂടൽമഞ്ഞു നീങ്ങി അവിടെയെല്ലാം വെളിവായി. ആ രാജ്യം ഇംഗ്ലണ്ടുരാജ്യവും ആ ദീപം കത്തോലിക്കാസഭയുമാണെന്നു ആരോ എൻെറ അടുക്കൽനിന്നു പറയുന്നതുപോലെ കേട്ടു"

ഡോൺബോസ്കോ അച്ചൻ പിന്നീടു റോമ്മായിൽ ചെന്നിരുന്നപ്പോൾ ഈ വിവരം പരിശുദ്ധ പിതാവിൻെറ അടുക്കൽ പറകയുണ്ടായി. അദ്ദേഹം ഇംഗ്ലണ്ടിനുവേണ്ടി ചെയ്തിരുന്ന ശ്രമങ്ങൾ കൂടുതൽ ഉത്സാഹത്തോടെ ചെയ്യുന്നതിന്നും സത്യവേദത്തിന്നു അവിടെ വളരെ വർദ്ധനവുണ്ടാകുന്നതിനും ഇടയായതായി പറയപ്പെടുന്നു.

പ്രിയ കുഞ്ഞുങ്ങളേ! സത്യദൈവത്തെ അറിയാതെ നിത്യനാശത്തിൻെറ വഴിയിൽക്കൂടെ നടക്കുന്നവരായി നമുക്കു ചുററും കിടക്കുന്ന അനേകായിരം ജനങ്ങളേപ്പററി നിങ്ങൾക്കു വല്ല ചിന്തയുമുണ്ടോ? കർത്താവിൻെറ തിരുരക്തത്താൽ രക്ഷിക്കപ്പെട്ട ഈ ജനം നശിച്ചുപോകുന്നതിനേപ്പററി നിങ്ങൾക്കു സങ്കടംതോന്നുന്നുണ്ടോ? അവരുടെ മനസ്സുതിരിവിനുവേണ്ടി നിങ്ങൾ ദിവസേന അപേക്ഷിക്കുന്നുണ്ടോ? ഇല്ലെങ്കിൽ കർത്താവിനെ സാക്ഷാൽ നിങ്ങൾ സ്നേഹിക്കുന്നില്ലെന്നാണു അതിൻെറ അർത്ഥം. അങ്ങനെ വരാതിരിപ്പാൻ ഇനിയെങ്കിലും ശ്രമിക്കണം.

ഉയിർപ്പിൻെറ സന്തോഷം പറഞ്ഞുകൊണ്ടു വിരമിക്കുന്നു.

എന്നു നിങ്ങളുടെ സ്വന്തം

കൊച്ചച്ചൻ.

# തിരുഹൃദയ ഭക്തന്മാർ ൧൦൯൫ മേടമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

## സ്ത്രീകളും കത്തോലിക്കാ പരിശ്രമങ്ങളും.

കത്തോലിക്കാസഭയുടെ ആവിർഭാവത്തോടുകൂടെ മനുഷ്യസമുദായത്തിലുണ്ടായിട്ടുള്ള നാനാവിധ പരിഷ്ക്കാരങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു വനിതാലോകത്തിൻെറ പുനരുദ്ധാരണം. പുരാതനകാലത്തെ പരിഷ്കൃത ജാതിക്കാർ പോലും സ്ത്രീകളേ പുരുഷന്മാരേക്കാൾ താഴ്ന്ന തരത്തിലുള്ള ഒരു സൃഷ്ടിയായിട്ടാണു പരിഗണിച്ചിരുന്നതു്. കുതിര കഴുത മുതലായ മൃഗങ്ങളെപ്പോലെ മനുഷ്യൻെറ ഉപയോഗത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഒരുതരം മേല്പെട്ട ജന്തുക്കളായി മാത്രമെ സ്ത്രീകളേ അവർ കരുതിയിരുന്നുള്ളു എന്നോർക്കുമ്പോൾ അവരോടു അവർ പെരുമാറിയിരുന്ന നീചമായ വിധത്തേപ്പററി ഒട്ടുംതന്നെ ആശ്ചര്യപ്പെടാനില്ല. മശിഹായുടെ വരവിനുശേഷം ഈ അവസ്ഥയ്ക്കു എത്രമാത്രം അന്തരം ഉണ്ടായെന്നു ചരിത്രം സാക്ഷിക്കുന്നു. ദൈവപുത്രനായ അവിടുന്നു ഒരു സ്ത്രീയേ തൻെറ മാതാവായി വരിച്ചു. വിവാഹത്തേ ഒരു കൂദാശയായി ഉയർത്തിക്കൊണ്ടു സ്ത്രീപുരുഷബന്ധത്തേ അവിടുന്നു ശുദ്ധീകരിക്കയും ദൃഢപ്പെടുത്തുകയും ചെയ്തു. ഇന്നു ക്രിസ്തീയ കുടുംബത്തിൽ സ്ത്രീകൾ പുരുഷന്മാർക്കു അധീനമായിരിക്കുന്നെങ്കിലും, അടിമകളേപ്പോലെയല്ല, തുല്യാവകാശികളേപ്പോലെയാകുന്നു; വെറും ആയുധങ്ങളേപ്പോലെ മാത്രമല്ല, സഹപ്രവർത്തകകളായിട്ടാകുന്നു. അവരാൽ നിർവ്വഹിക്കപ്പെടുന്നതും, എന്നല്ല അവരാൽമാത്രം നിർവ്വഹിക്കപ്പെടാവുന്നതുമായ നാനാതരത്തിലുള്ള സമുദായോദ്ധാരണവേലകളിൽ അവർ വിജയപൂർവ്വം പരിശ്രമിച്ചു വരുന്നു. കത്തോലിക്കാ സഭയുടെ ഭൂഷണങ്ങളായി പരിശോഭിക്കുന്ന വിവിധ തരത്തിലുള്ള കന്യകാസഭകളുടെ സ്വാർത്ഥപരിത്യാഗപരങ്ങളായ ഉദ്യമങ്ങളേ അറികയും അഭിനന്ദിക്കയും ചെയ്യാത്തവരായി ഇന്നു ലോകത്തിൻെറ എത്ര അപരിഷ്കൃത ഭാഗങ്ങളിലായാലും ആരും ഉണ്ടാകുന്നതല്ല. അവരുടെ മാധുര്യമുള്ള



രോഗശുശ്രൂഷകൾ കണ്ടറിയാത്തവരും, അവരുടെ ബാലപരിചരണസാമൎത്ഥ്യം അനുഭവിച്ചറിയാത്തവരും, അവരുടെ വേദപ്രചാരണപ്രതിപത്തി കേട്ടറിയാത്തവരും ഇന്നു ഉണ്ടാകാൻ അസാദ്ധ്യമാണു്. സാമുദായികശ്രമങ്ങളിൽ ഏൎപ്പെട്ടു ഫലസിദ്ധിയോടുകൂടെ വേല ചെയ്യുന്ന സ്ത്രീസഖ്യങ്ങളുടെ സംഖ്യയും ഒട്ടും കുറവല്ല. ദൈവസ്തുതിക്കും ആത്മരക്ഷയ്ക്കുമായി ഇപ്രകാരം സ്ത്രീകൾ ചെയ്തുവരുന്ന കത്തോലിക്കാ പരിശ്രമങ്ങൾ അനവധിയാണെന്നേ പറവാനുള്ളൂ. ഇതുകൾ മേല്ക്കുമേൽ അഭിവൃദ്ധിപ്പെടുന്നതിനും, ഈവിധമുള്ള ശ്രമങ്ങളിൽ ഇനിയും ഏൎപ്പെട്ടിട്ടില്ലാത്ത സ്ഥലങ്ങൾ അക്കാൎയ്യത്തിൽ കൂടുതൽ ശ്രദ്ധ പതിച്ചുകാണുന്നതിനുംവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകിച്ചു പ്രാൎത്ഥിക്കണം.

ഇടവമാസം:— "പ്രതിദിന ദിവ്യകാരുണ്യസ്വീകരണം."

## നാല്പതുമണിയാരാധന.

സ്ഥലത്തെ ആശ്രമദേവാലയത്തിൽ പ്രതിവൎഷം ആഘോഷിച്ചുവരാറുള്ള നാല്പതുമണിയാരാധന എന്ന മഹോന്നതകൎമ്മം ഇക്കൊല്ലം, ഏപ്രിൽ 30-ാംനു- വ്യാഴാഴ്ച ആരംഭിച്ചു മൂന്നു ദിവസത്തേക്കു നടത്തപ്പെടുന്നതും മേ 3-ാംനു- ഞായറാഴ്ച പതിവുപോലെ മാർ യൗസേപ്പു പിതാവിന്റെ മാദ്ധ്യസ്ഥ തിരുനാൾ കൊണ്ടാടുന്നതുമാണെന്നുള്ള വിവരം വിശ്വാസികളേവരേയും സാദരം അറിയിച്ചുകൊള്ളുന്നു. കുമ്പസാരിച്ചു വിശുദ്ധ കുർബാന ഉൾക്കൊണ്ടു് നാല്പതുമണിയാരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികൾക്കു പൂൎണ്ണവും അപൂൎണ്ണവുമായ അനവധി ദണ്ഡവിമോചനങ്ങൾ തിരുസഭ കല്പിച്ചിട്ടുള്ളതിനുപുറമേ ആരാധനസമയം അറിയിക്കുന്നതിനു മണികൊട്ടുമ്പോൾ "പരിശുദ്ധ പരമദിവ്യകാരുണ്യത്തിന്നു എന്നേരവും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ" എന്നു ചൊല്ലുന്ന ഓരോപ്രാവശ്യവും ൧൦൦ ദി. ദ. വി. പ്രാപിക്കാവുന്നതാണു്. ദൂരസ്ഥരായ ജനങ്ങൾ സ്വന്ത ഇടവകകളിൽതന്നെ കുമ്പസാരിച്ചശേഷമോ അല്ലെങ്കിൽ നേരത്തേ ഇവിടെവന്നു കുമ്പസാരിക്കത്തക്കവണ്ണമോ വന്നുചേരേണ്ടതാണു്.

എത്രയും പൂജനീയമായ ഈ ദിവസങ്ങളിൽ ദേവാലയത്തിലും അതിനടുത്ത സ്ഥലങ്ങളിലും ആചാരവും മൌനവും കൃത്യമായി അനുഷ്ഠിക്കണമെന്നു പ്രത്യേകം ഓൎപ്പിച്ചുകൊള്ളുന്നു.

ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികളെ കുമ്പസാരിപ്പിക്കുന്നതിലേക്കും, ആരാധന സംബന്ധമായ കൎമ്മങ്ങളെല്ലാം ഭംഗിയായി നിൎവ്വഹിക്കുന്നതിലേക്കും ബ. അച്ചന്മാരുടെ സഹായം ഞങ്ങൾക്കു ഒഴിച്ചുകൂടാത്തതാകയാൽ അവർ കാലേക്കൂട്ടി വന്നുചേരുവാറാകണമെന്നും, ബ. വികാരിഅച്ചന്മാരും അസിസ്റ്റേന്തിഅച്ചന്മാരും ആരാധനയുടെ വിവരം ജനങ്ങളെ തെൎയ്യപ്പെടുത്തണമെന്നും അപേക്ഷിക്കുന്നു.

ആരാധന കഴിഞ്ഞുവരുന്ന ഞായറാഴ്ച പതിവുപോലെ നമ്മുടെ പിതാവു മാർ യൌസേപ്പിന്റെ മദ്ധ്യസ്ഥത്തിരുനാളും കൊണ്ടാടപ്പെടുന്നതാണു്. കത്തോലിക്കാ സഭയുടെ പൊതുമദ്ധ്യസ്ഥനായി നിയമിക്കപ്പെട്ടിരിക്കുന്ന ഈ പിതാവിന്റെ പക്കൽ പോകേണ്ട ആവശ്യം കത്തോലിക്കാ സഭയ്ക്കു മുഴുവനും ഓരോ കുടുംബങ്ങൾക്കു പ്രത്യേകിച്ചും എത്രയ്ക്കുണ്ടെന്നു പറയേണ്ടതില്ലല്ലോ. ആകയാൽ യഥായോഗ്യം ഈ തിരുനാൾ കൊണ്ടാടി നമ്മുടെ മദ്ധ്യസ്ഥന്റെ കൃപാവരങ്ങൾ ധാരാളമായി പ്രാപിക്കുന്നതിലേക്കും എല്ലാവരേയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്നു് നിങ്ങളുടെ എളിയ ശുശ്രൂഷി മന്നാനം കൊവേന്തയുടെ പ്രിയോർ
ക. നി. മൂ. സ. ആ. ഫ്രംസീസ്കോസു സാലേസു് പട്ടക്കാരൻ.

# വർത്തമാനസംഗ്രഹം.

## കേരളം.

പൊളിററിക്കൽ ഏജൻറു മിസ്റ്റർ കോട്ടൻ തൃശ്ശൂർപള്ളിക്കേസിൻെറ വിധി മാർച്ച് 13-നു- പറയുമെന്ന് ആദ്യം അറിയിച്ചിരുന്നെങ്കിലും മാർച്ച് അവസാനത്തോടുകൂടെയേ വിധി പറകയുള്ളുവെന്ന് പിന്നീടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ചങ്ങനാശേരി കോട്ടയം രൂപതകളിൽനിന്ന് മദ്രാസ് ലൊയോളാ കോളജുവകയ്ക്കു ധനശേഖരം ചെയ്യുന്നതിലേക്കു പൂർവ്വവിദ്യാർത്ഥികളുടെ ഒരുയോഗം മാർച്ച് 14-നു- കോട്ടയത്തു നടന്നതിൽവച്ച് പണപ്പിരിവിനായി ഒരു കമ്മട്ടിയേ നിയമിച്ചിരിക്കുന്നു.

വരാപ്പുഴ അതിരൂപതയുടെ വികാരിജനറാളായിരുന്ന പരേതനായ വെറി. റവ. ഫാദർ ഡൊമ്നിക്ക് സി. ഡി. അവർകൾക്കു പകരം വെറി. റവ. ഫാദർ ബൊനവെഞ്ചർ സി. ഡി. അവർകളേ നിയമിച്ചിരിക്കുന്നു.

തിരുവിതാംകൂർ ദിവാനായി ലണ്ടനിൽ ഒരു ബാറിസ്റ്റർ ജോലിയിൽ ഇരിക്കുന്ന മിസ്റ്റർ മോറിസ്വാട്ട്സ് അവർകളേ നിയമിക്കുന്നതിനു ആലോചനയുള്ളതായിക്കാണുന്നു. ഇദ്ദേഹം ഒരു കത്തോലിക്കനാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്.

കുരുവിനാക്കുന്നേൻ കൊലക്കേസിൻെറ വിധിപറഞ്ഞിരിക്കുന്നു. ആകെ അഞ്ചുപ്രതികളുണ്ടായിരുന്നവരിൽ രണ്ടുപേരേ ജീവപര്യന്തം കഠിനതടവിനു ശിക്ഷിക്കയും, മൂന്നുപേരെ വെറുതേ വിടുകയുമാണു ചെയ്തിരിക്കുന്നതു്.

മഹാത്മാഗാന്ധി വൈക്കത്തു സത്യാഗ്രഹാശ്രമം സന്ദർശിച്ചശേഷം കേരളത്തിൽ പല പ്രധാന സ്ഥലങ്ങളിലും ചുററിസഞ്ചരിക്കയുണ്ടായി. സഞ്ചാരസ്വാതന്ത്ര്യകാര്യത്തിൽ സവർണ്ണഹിന്ദുക്കൾക്കു യാതൊരു അനുകൂല്യവും കാണാതെ ഇച്ഛാഭംഗത്തിലാണ് അദ്ദേഹം മടങ്ങിപ്പോയതു്.

മൈലേജും പടിയും കുറച്ചു തങ്ങളെ തരംതാഴ്ത്തിഎന്നുള്ള കാരണത്താൽ കഴിഞ്ഞ പ്രജാസഭയിലെ മെമ്പറന്മാരിൽ ഭൂരിപക്ഷം പ്രതിഷേധം പുറപ്പെടുവിച്ചതു നിമിത്തം കഴിഞ്ഞ സഭ പൂർത്തിയാകാതെ പിരിഞ്ഞിരിക്കുന്നു. വീണ്ടും സഭ കൂടുമോഎന്നുള്ളസംഗതി ആലോചനയിലിരിക്കുന്നതേയുള്ളു.

കൊച്ചിദിവാൻ മിസ്റ്റർ നാരായണമേനോൻ ഏപ്രിൽ 13-ാംനു- ക്കു ജോലിയിൽനിന്നു പിരിയുന്നതും പകരം ചീഫ്കോടതിജഡ്ജി മിസ്റ്റർ നാരായണയ്യർ നിയമിക്കപ്പെടുന്നതുമാണെന്നു കേൾക്കുന്നു.

തിരുവിതാംകൂർ നിയമസഭയ്ക്കു ഒന്നിലധികം കത്തോലിക്കാസ്ഥാനാർത്ഥികൾ നിന്നിരുന്ന മിക്കസ്ഥലങ്ങളിലും സന്ധിയാലോചന വഴിയായി സമാധാനത്തിൽ കാര്യംതീർക്കുന്നതിന്നു ആലോചിച്ചുവരുന്നതിൽ സന്തോഷിക്കുന്നു.

---

## ശ്രീയേശുക്രിസ്തു.

മയ്യനാട്ടു ഏ. ജോൺ തെക്കുട്ടം തോപ്പു
മുരുക്കുംപുഴ, തോന്നയ്ക്കൽ, അഞ്ചൽ
(തപാൽ പെരുമാതുറ) വില 6 അണ.

ലോകരക്ഷകനായ ക്രിസ്തുവിൻെറ ജീവചരിത്രം നാലു സുവിശേഷങ്ങളിലായി സംക്ഷേപിച്ചു എഴുതപ്പെട്ടിട്ടുണ്ട്. അതുകളെ അടിസ്ഥാനപ്പെടുത്തിയ പലേ ജീവചരിത്രഗ്രന്ഥങ്ങൾ പ്രായേണ എല്ലാ ഭാഷകളിലും കാണ്മാൻ കഴിയും. അക്കൂട്ടത്തിൽ ആബെ ഫൊവാർഡ് എന്ന ശാസ്ത്രജ്ഞൻ ഫ്രഞ്ചുഭാഷയിൽ എഴുതിയിട്ടുള്ളതും, വിവിധ ഭാഷകളിൽ ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ളതും ഞങ്ങൾ ആസ്വദിച്ചനുഭവിച്ചിട്ടുള്ളതുമായ ഒരു കൃതി മലയാളത്തിലാക്കി കണ്ടാൽ കൊള്ളാമെന്നു ഞങ്ങൾക്കു ആഗ്രഹം തോന്നിയിട്ടുള്ളതാണ്. മയ്യനാട്ടു മിസ്റ്റർ ജോൺ എന്ന ഉത്സാഹശീലനായ യുവാവു ഈ ജോലി നിർവഹിച്ചുതുടങ്ങിയിരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. പതിനഞ്ചദ്ധ്യായങ്ങളുള്ള ഒന്നാം ഭാഗമാണ് ഇപ്പോൾ പുറപ്പെട്ടിരിക്കുന്ന ഈ പുസ്തകം. ഭാഷാന്തരം പ്രായേണ ദോഷരഹിതമായി കാണുന്നതു പ്രത്യേകിച്ചു അഭിനന്ദനീയംതന്നെ.

## ഇൻഡ്യ.

വിസിററർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു് ഡർജീലിങ്ങിലെ ത്തിതാമസിച്ചുവരുന്നതായറിയുന്നു.

സാമ്രാജ്യനിയമസഭയിൽ ഉപ്പിൻെറ നികുതി 1 രൂപായായിട്ടു കുറച്ചെങ്കിലും കൌൺസിൽ ഓഫ് സ്റ്റേയിററിൽ അതു് വീണ്ടും ഒന്നേകാൽരൂപ ആക്കിയിരിക്കുന്നു.

മദ്രാസ് സർവ്വകലാശാലയുടെ ഉന്നതപരീക്ഷകൾക്കു വിവാഹം കഴിച്ചിട്ടുള്ളവർ ഇനിമേലിൽ ചേരാൻ പാടില്ലെന്നു് യൂണിവേഴ്സിററിക്കാർ നിയമം പാസ്സാക്കിയിരിക്കുന്നു. ഈ നിശ്ചയത്തിനുമുമ്പ് വിവാഹം കഴിച്ചിട്ടുള്ളവരേ ഈ ചട്ടം ബാധിക്കുന്നതല്ല.

തിരുനാപ്പള്ളിരൂപതയിലേ ജാതിവഴക്കു ഇന്നിയും അവസാനിച്ചിട്ടില്ലെന്നും, വിസിററർഅപ്പസ്തോലിക്കാതിരുമനസ്സിലേ ഒരു സന്ദേശത്തേ തുടൎന്നു അവിടത്തേ മെത്രാനച്ചൻ ഒരു ഇടയലേഖനം ഈയിട പ്രസിദ്ധപ്പെടുത്തിയതിൽ ആരും മത്സരകക്ഷികളുടെ സംഘത്തിൽ ചേരുകയോ അവരുടെ വിദ്യാലയങ്ങളിൽ കുട്ടികളേ അയക്കയോ ചെയ്യരുതെന്നു മുടക്കിയിരിക്കുന്നതായും കാണുന്നു.

ഇൻഡ്യാവൈസരോയിലോർഡ് റീഡിങ്ങ് അവർകൾ നാലുമാസത്തേ അവധിയിൽ കഴിഞ്ഞമാസത്തിൽ ഇംഗ്ലണ്ടിലേക്കു തിരിച്ചിരിക്കുന്നു.

വിശുദ്ധവത്സരം പ്രമാണിച്ചു ഇൻഡ്യയിൽ നിന്നു് ഒരു തീൎത്ഥയാത്രസംഘം റോമായിക്കുപോകുന്നതിനു് തീൎച്ചപ്പെടുത്തിയിരിക്കുന്നു. മലയാളത്തുനിന്നും ചില വൈദികരും അൽമേനികളും അതിൽ സംബന്ധിക്കുന്നതിനു് ആലോചിച്ചുവരുന്നുണ്ടു്.

## ഇററലി.

തെക്കേഅമേരിക്കയിലേ ചില്ലിജനാധിപത്യപ്രസിഡണ്ടു കഴിഞ്ഞ മാസത്തിൽ കുടുംബസമേതം പരിശുദ്ധപിതാവിനേ സന്ദൎശിച്ചിരിക്കുന്നു

മാൎച്ചുമാസത്തിൽ മുപ്പത്തഞ്ചു തീൎത്ഥയാത്രാസംഘക്കാർ റോമയിലെത്തിയിട്ടുള്ളതായിക്കാണുന്നു. മിണ്ടാമാൎഗ്ഗക്കാരുടെ ശ്രമങ്ങൾ തീൎത്ഥയാത്രക്കാരുടെ സംഖ്യ കുറയ്ക്കാൻ ഉപകരിക്കാത്തതിൽ അവൎക്കു അതിയായ മനസ്താപമുണ്ടു്.

മുസ്സോലീനിയുടെ ഫഷീസ്റ്റികക്ഷി ആരംഭിച്ചിട്ടു ആറുവൎഷം പൂൎത്തിയായദിവസം കഴിഞ്ഞ മാസത്തിൽ ഇററലിയിലെങ്ങും ആഘോഷപൂൎവ്വം കൊണ്ടാടിയിരിക്കുന്നു.

## ഇംഗ്ലണ്ടു്.

മുമ്പു ഇൻഡ്യാ വൈസരോയി ആയിരുന്ന സുപ്രസിദ്ധ രാജ്യതന്ത്രജ്ഞനായ കഴ്സൺപ്രഭു കഴിഞ്ഞ മാസം 19-ാംനു- 66-ാമത്തെ വയസ്സിൽ നിൎയ്യാതനായിരിക്കുന്നു.

ചക്രവൎത്തിതിരുമനസ്സിലെ ആലസ്യം നീങ്ങി ഡോക്ടർമാരുടെ അഭിപ്രായപ്രകാരം തിരുമേനി മെഡിററേനിയൻ കടലിൽ ഒരു കപ്പൽയാത്രക്കായി പുറപ്പെട്ടിരിക്കുന്നു.

ഫ്രാൻസിലെ പ്രധാനമന്ത്രി ഹെറിയോ താമസിയാതെ ഇംഗ്ലണ്ടിലെത്തുന്നതാണെന്നറിയുന്നു.

1837-ൽ സ്കോട്ടുലണ്ടിൽ 77 കത്തോലിക്ക് പട്ടക്കാരും 70 കപ്പേളകളും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ 7 മെത്രാന്മാരും 600 പട്ടക്കാരും 430 പള്ളികളും ഉള്ളതായിക്കാണുന്നു.

## പലവക.

ജപ്പാൻെറ തലസ്ഥാന നഗരമായ ടൊക്കിയോവിൽ കഴിഞ്ഞ മാസാവസാനത്തിൽ ഒരഗ്നിബാധയുണ്ടായതിൽ മൂവായിരം ഭവനങ്ങൾ നശിക്കയും, ഇരുപതിനായിരത്തിൽപരം ജനങ്ങൾ നിരാധാരന്മാരായിതീരുകയും ചെയ്തിരിക്കുന്നു.

ഫ്രാൻസിലെ പ്രധാന മന്ത്രിയുടെ മതവിരോധകൃത്യങ്ങൾക്കെതിരായി രാജ്യത്തിൻെറ നാനാഭാഗത്തും കത്തോലിക്കർ ഒന്നുചേൎന്നു പ്രതിഷേധയോഗങ്ങൾ കൂടിവരുന്നു.

ജൎമ്മൻ ജനാധിപത്യത്തിൻെറ ഒന്നാമത്തേ പ്രസിഡണ്ടായ വോൺഈബട്ടു്, എന്നദേഹം കഴിഞ്ഞ മാസത്തിൽ നിൎയ്യാതനായിരിക്കുന്നു.

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചിരിക്കണം.

വി. അന്തോനീസിന്റേയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഒരു കുട്ടിയുടെ ദീനം സുഖപ്പെട്ടതിനു ഉപകാരസ്മരണ.

എം. എൻ. പി. പാവർട്ടി.

ചങ്ങനാശ്ശേരി വാഴപ്പള്ളി ആരാധന മഠത്തിലേ ഒരു കന്യാസ്ത്രീയുടെ അപകടമായ രോഗം ഭാഗ്യവതിയായ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയിൽ ഭേദമായതിനു നന്ദിപറഞ്ഞുകൊള്ളുന്നു.

വി. സി. കെ. ആലപ്പുഴ.

അനേകകാലം വഴിതെററി നടന്ന എന്റെ ഒരു അടുത്ത ചാർച്ചക്കാരൻ നല്ലവഴിക്കു തിരിഞ്ഞതിനു കുസുമംവഴി ഉപകാരസ്മരണ ചെയ്യുകയും മേലിൽ അതിൽ സ്ഥിരമായി നില്ക്കുന്നതിനു വേണ്ട മനോഗുണം ദൈവജനനിയോടു പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു. എ. എം. എഫ്. തിരുവനന്തപുരം.

സ്കൂൾ ഫൈനൽ പരീക്ഷയിൽ വിജയിയായതിന്നു തിരുഹൃദയത്തിനും കൊച്ചുത്രേസ്യാക്കും സ്തോത്രം ചെയ്യുന്നു.

സി. ജെ. എം. എർണാകുളം.

എന്റെ സഹോദരനു് പിടിപെട്ട അസാദ്ധ്യമായ സുഖക്കേടു് തിരുഹൃദത്തിന്റെ അനുഗ്രഹത്താൽ നീങ്ങിയതിനു ഉപകാരസ്മരണ

എൻ. വി. കോതമംഗലം.

എന്റെ അളിയന്റെ സുഖക്കേടു മാറിയതിനും കാണാതെപോയ സാമാനം കണ്ടുകിട്ടിയതിനും ഭാ. കൊച്ചുത്രേസ്യാക്കും മാർ അന്തോനീസിനും നന്ദി പറയുന്നു. കെ. എസ്. ഇരിങ്ങാലക്കുട.

ജോലിയില്ലാതെ വിഷമിച്ചിരുന്ന എനിക്കു അനുഗ്രഹീതയായ കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതമൂലം ജോലികിട്ടിയ ിനു ഉപകാരസ്മരണ.

പി. എം ജെ. തെന്നത്തൂർ.

ക്രുനമ്മാവു കന്യക മഠത്തിൽപ്പെട്ട ഒരു സഹോദരിയുടെ കഠിനവ്യാധി വി. അന്തോനീസിന്റെ സഹായത്താൽ നീങ്ങിയതിനു ഉപകാരസ്മരണ.

എഫ്. ജി. ക്രുനമ്മാവു.

തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും വി. അന്തോനീസിന്റെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത പ്രദർശിപ്പിച്ചുകൊള്ളുന്നു. സി. വി. എ. മടക്കത്താനം.

തിരുഹൃദയത്തിന്റെയും മാർ അന്തോനീസിന്റെയും മദ്ധ്യസ്ഥതയാൽ കഴിഞ്ഞ കൊല്ലം പരീക്ഷയിൽ പാസ്സായതിന്നു ഉപകാരസ്മരണ.

ഐ. കെ തൃശ്ശിനാപ്പള്ളി.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

പൂവത്തോട്ടാപള്ളിയിടവക പുലിക്കുന്നേൽ കളപ്പുരയ്ക്കൽ സ്കറിയാ അവർകൾ ഫെബ്രുവരി 7-ാംനു- 21 വയസ്സു.

തോട്ടയ്ക്കാട്ടുപള്ളിയിടവക മാത്തൂർ ത്രേസ്യാമ്മ മാർച്ചു 17 ാംനു- 50 വയസ്സു

ഇരുപത്തിരണ്ടുകൊല്ലത്തോളം അത്തുങ്കൽപള്ളി വികാരിയായിരുന്ന റവ. ഫാദർ വിൻസന്റു ബസ്റ്റാർദ് കഴിഞ്ഞ മാസം 19-ാംനു- 81-ാമത്തെ വയസ്സു.

പൊൻകുന്നം ഇടവക ഏണേക്കാട്ടു ബ. യൗസേപ്പച്ചനവർകളുടെ പിതാവു് കുര്യാക്കോസു അവർകൾ മാർച്ചു് 23-ാംനു-തിങ്കളാഴ്ച 63-ാമത്തെവയസ്സു.


## റാവ് സാഹിബ് വിൻസന്റു "മഹാദേവയ്യർ."

ഒരുത്തമക്രിസ്ത്യാനിയായിത്തീർന്ന ഭാരതീയമഹാൻ. യഥാർത്ഥജീവചരിത്രം. നോവലിനേക്കാൾ രസകരം. സകലജാതിമതസ്ഥർക്കും പഠിക്കേണ്ടതു്. മനോഹരങ്ങളായ പടങ്ങളും ന്യൂവശങ്ങളും ഉണ്ടു്. വില 6 ണ മാത്രം. ആവശ്യപ്പെടുക.

ഫാദർ വെള്ളരിങ്ങാട്ടു്, പെററി സെമ്മിനാരി—കോട്ടയം.

# പഞ്ചാംഗം.

·൧൯൨൫

എപ്പക്തി ൩. ഞായറാഴ്ച അക്ഷരം ·ദ

## ൧൯൨൫ ഏപ്രിൽ — ൧൧൦൦ മീനം — മേടം.

| | | | | |
|---|---|---|---|---|
| 1 | 19 | ബ്യ | ന. ക. ആ. | റോ. |
| 2 | 20 | വ്യാ | മൗ പ്രംസീസ്ക്ക് പൗലാ ന. ആ. ക. പെ. | വെ. |
| 3 | 21 | വെ | † ക. മ൦. ഏഴവ്യാകുലം ന. ആ ക. പെ. ഒരുനേരം | വെ. |
| 4 | 22 | ശ | ന. ക. ആ. ... | റോ. |
| 5 | 23 | ഞാ | ✠ നോമ്പ് ൬-ാംഞാ. (ഓശാന) ന. ക ആ. ·൨൨·൯·൧ | റോ. |
| 6 | 24 | തി | വലിയ ആഴ്ച ന. ക. ആ. | റോ. |
| 7 | 25 | ചൊ | വലിയ ആഴ്ച ന. ക. ആ. | റോ. |
| 8 | 26 | ബ്യ | വലിയ ആഴ്ച ന. ക. ആ. | റോ. |
| 9 | 27 ◐ | വ്യാ | (✠) തിരുവ്യാഴം ന. ക. ആ. | റോ. |
| 10 | 28 | വെ | ദുഃഖവെള്ളി ന. ആ. ഒരുനേരം | ക. |
| 11 | 29 | ശ | ദുഃഖശനി ന. ക. ആ. ഒരുനേരം<br>ഇന്നുച്ചമുതൽ ത്രിത്വത്തിൻെറ തിരുനാൾവരെ ത്രികാലജപമായി പരലോകരാജ്ഞി നിന്നുകൊണ്ടു ചൊല്ലുന്നു. | വെ. |
| 12 | 30 | ഞാ | ✠ ന. ക. ഉയർപ്പു ന. ക. പെ. ൧൩൦൦·൧·൫ | വെ. |
| 13 | 1 | തി | (✠) ന. ക ഉ. എ൦. ന. ക. പെ. ·൧ | വെ. |
| 14 | 2 | ചൊ | (✠) ന ക. ഉ. എ൦. ന. ക. പെ. ·൩ | വെ. |
| 15 | 3 | ബ്യ | (✠) ന. ക. ഉ. എ൦. ന. ക. പെ. ·൪ | വെ. |
| 16 | 4 | വ്യാ | ന. ക. ഉ. എ൦. ന ക. പെ. ·൭ | വെ. |
| 17 | 5 | വെ | ന. ക. ഉ. എ൦. ന. ക. പെ. ·൯ | വെ. |
| 18 | 6 | ശ | ന. ക ഉ. എ൦. ന ക. പെ ·൦ | വെ. |
| 19 | 7 | ഞാ | ✠ ന. ക. ഉ. ൧-ാംഞാ. (പുതുഞായർ) ന. ക. ആ ൭൫·൩ ൫<br>വി. തോമ്മാശ്ലീഹാ– മലയാറ്റൂർ, പാവർട്ടി കൊരവന്തു. | വെ. |
| 20 | 8 | തി | † അ. മൗ. മ. ഇസിദോർ ന. ആ. ക. പെ. ഈ. ല. | വെ. |
| 21 | 9 | ചൊ | † അ. മൗ മ. അൻസേൽമോസ് ന. ആ. ക. പെ. | വെ. |
| 22 | 10 | ബ്യ | പാ. വേ. സോത്തീർ കൂട്ട ന ആ. ക. പെ | ച്യ. |
| 23 | 11 ● | വ്യാ | (✠) വേ. ഗീവറുഗീസ് ന ക. പെ.<br>മാർ യൌസേപ്പിൻ മാദ്ധ്യസ്ഥതിരുനാൾ നൊവേന ആരംഭം. | ച്യ. |
| 24 | 12 | വെ | † വേ. ഫിദേലീസ് ന ആ. ക. പെ.<br>വി. ഗീവറുഗീസ് തിരു. അരീത്തുറ, കോതമംഗലം, നാഗപ്പുഴ. | ച്യ. |
| 25 | 13 | ശ | മർക്കോസ് ഏവൻഗേലീസ്സാ. ന. ക. പെ. | ച്യ. |
| 26 | 14 | ഞാ | ✠ ഉയ ൨-ാംഞായർ ന. ക. ആ. ·൧൭ ·൪ ·൧ | വെ. |
| 27 | 15 | തി | പാ വേ. ക്ലെത്തോസും കൂട്ട. ന. ആ ക. പെ. | ച്യ. |
| 28 | 16 | ചൊ | വേ. വിത്താലീസ് ന. ആ. ക. പെ. | ച്യ. |
| 29 | 17 | ബ്യ | വേ. പത്രോസ് ന ആ. ക. പെ. | ച്യ. |
| 30 | 18 | വ്യാ | † ക. കത്രീനാ. ന ആ. ക. പെ.<br>30, 1, മാന്നാനം ആശ്രമദേവാലയത്തിൽ ൪൦ മണി ആരാധന<br>ദൈവജനനിയുടെ വണക്കമാസം തലേനാൾ. (തുടക്കം. | വെ. |

Printed and published for the Proprietor by P. K. Joseph, at
The St. Joseph's Press, Mannanam. 1925.

# പ്രതിമാസം മുപ്പതു സമ്മാനങ്ങൾ.

## നസ്രാണിദീപികയുടെയും കൎമ്മലകുസുമത്തിന്റെയും വരിക്കാൎക്ക്.

വി. പി. രജിസ്റ്റർ ഏൎപ്പാടുനിമിത്തമുള്ള അനാവശ്യനഷ്ടം ഞങ്ങളുടെ മാന്യവരിക്കാൎക്ക് ഉണ്ടാകാതിരിക്കുന്നതിലേക്കു സൌകൎയ്യപ്രദമായ മണിയോൎഡർ ഏൎപ്പാട് പാടുപോലെ നടപ്പിൽ വരുത്തുന്നതിന് ഞങ്ങൾ ശ്രമിച്ചുവരികയാണ്. മാന്യജനങ്ങളുടെ സഹകരണം ഈ വിഷയത്തിൽ ഉണ്ടായിക്കാണ്മാൻ ആഗ്രഹിക്കുന്നു. മണിയോൎഡറായി വരിപ്പണം അയക്കുന്ന മാന്യവരിക്കാൎക്കു പ്രതിമാസം താഴെപ്പറയുന്ന മുപ്പതു സമ്മാനങ്ങൾ നൽകുന്നതിന് തീൎച്ചപ്പെടുത്തിയിരിക്കുന്നു.

### സമ്മാനവിവരം.

I. നസ്രാണിദീപിക കുടിശികക്കാൎക്ക്

കുടിശികവകയിൽ മണിയോൎഡറായി അയക്കുന്ന ഓരോ മൂന്നു രൂപാക്കും ഓരോ നറുക്കുവീതം മാസാവസാനത്തിൽ ചിട്ടിയിട്ടു അതാതുമാസത്തിൽ ആ വക പിരിഞ്ഞുവരുന്ന തുകയിൽ നൂറുക്കു 15 വീതംകൊണ്ടു പത്തു തുല്യസമ്മാനങ്ങൾ നൽകപ്പെടും.

II. ടി. തന്നാണ്ടു വരിപ്പണം വകയിൽ പഴയ വരിക്കാൎക്ക്

തന്നാണ്ടു വരിപ്പണം വകയിൽ മണിയോൎഡറായി അയക്കുന്ന ഓരോ മൂന്നു രൂപാക്കും ഓരോ നറുക്കുവീതം ചിട്ടിയിട്ടു മാസാവസാനം ആ ഇനത്തിൽ പിരിവുള്ളതിൽ നൂറുക്കു 15 വീതംകൊണ്ടു പത്തു തുല്യസമ്മാനങ്ങൾ.

III. ടി. പുതിയ വരിക്കാൎക്ക്.

പുതുതായി ചേൎന്ന് വരിപ്പണം വകയിൽ മണിയോൎഡറായി അയക്കുന്ന ഓരോ മൂന്നു രൂപാക്കും ഓരോ നറുക്കുവീതം ചിട്ടിയിട്ടെടുത്ത് മാസാവസാനത്തിൽ ആ വക പിരിവിൽ നൂറുക്കു 15 വീതം കൊണ്ട് തുല്യമായ വേറെ പത്തു സമ്മാനങ്ങൾ.

കൎമ്മലകുസുമത്തിനും മാസംതോറും ഇപ്രകാരംതന്നെ 30 സമ്മാനങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. കുസുമത്തിന് മണിയോൎഡർ അയക്കുന്ന ഓരോ രൂപാക്കും ഓരോ നറുക്കുവീതം ഇടുന്നതാണ്. കുസുമം വക പുതിയ വരിക്കാൎക്കുള്ള സമ്മാനം ജൂലൈ 16-ാംനു- വരെയുള്ള വരവ് കുസുമമത്സരം മെഡൽവകക്കു ഉപയോഗിക്കുന്നതാണ്.

മാനേജർ, 'നസ്രാണിദീപിക', മാന്നാനം.

---

## വരാപ്പുഴ പത്യാല.

നി. വ. ദിവ്യശ്രീമാന്മാരായ കേരളത്തിലെ മെത്രാന്മാരുടെയും വന്ദ്യവൈദികന്മാരുടെയും മാന്യമഹാജനങ്ങളുടെയും പ്രശംസക്കും തൃപ്തിക്കും പാത്രീഭവിച്ചിട്ടുള്ള പുരാതന ചിത്രവേലക്കാരായ ഞങ്ങൾ പൊതുജനങ്ങളുടെ സൌകൎയ്യത്തെ ഉദ്ദേശിച്ച് വന്ദ്യവൈദികരുടെ താല്പൎയ്യപ്രകാരം ചങ്ങനാശേരി മെത്രാസനപ്പള്ളിക്കു സമീപം ഒരു ബ്രാഞ്ചാപ്പീസ് തുറന്നു പണികൾ നടത്തിവരുന്നു. ഇവിടെ കൊത്തുരൂപങ്ങൾ, അൾത്താരകൾ ആദിയായ സകലവിധ വേലകളും, തങ്കം, ചായം ഇവ ഭംഗിയായിട്ടും മിതമായവിലക്കും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽ വിവരമറിയേണ്ടവർ മറുപടിക്കു സ്റ്റാമ്പുസഹിതം എഴുതുക.

ഒരു കൎമ്മലീത്താമിഷ്യനറിയായ വെരി റവ: ഫാദർ ലൂസിയാൻ സി. ഡി. എം. എ. അവൎകൾ ഞങ്ങൾക്കു അയച്ചുതന്ന ഒരു സൎട്ടിഫിക്കെററു താഴെ ചേൎക്കുന്നു.

Marcelline Pathiala has made for my church four Statues, two of St. Sebastian, one of St. Joseph and one of St. Antony. They are as far as I can understand fairly well done and the cost was moderate. It appears that he is an Artist, quite capable to do this kind of works, and with me he has been like a perfect gentleman.

(Signed) Fr. Lucian C. D.

മൎസ്സലീൻ പത്യാല, മാനേജർ, ബ്രാഞ്ചാഫീസ്,

ജെ. ജോസഫ് പത്യാല ആൻഡ് സൺസ്. ചങ്ങനാശേരി.

Registred No. M. 365. No. T. 2.


പുതിയ വരവ്, വില വളരെക്കുറവ്.

## പി. പാപ്പിക്കമ്പനി, മാന്നാനം.

| ചൈനാപ്പട്ടു നീളം വളയം | | | Rs. | As. | P. |
|---|---|---|---|---|---|
| ൧-ാം ചരട്ടു ൧വ്വ നീളം വളയം | 1ക്ക | | 0 | 13 | 0 |
| ൨-ാം ,, പിരിച്ചതു | വ്വ | ,, | 0 | 12 | 0 |
| ൩-ാം ,, | ൨ | ,, | 0 | 9 | 6 |
| ൪-ാം ,, | ൧ | ,, | 0 | 4 | 0 |
| ൧-ാം കമ്പി | ൧ | ,, | 0 | 2 | 0 |
| ൨-ാം ,, | ൧ | ,, | 0 | 3 | 0 |
| ൩-ാം ,, | ൧ | ,, | 0 | 4 | 0 |
| ൪-ാം ,, | ൧ | ,, | 0 | 4 | 6 |
| ആക്കമുടി വളയം | ൧ | ,, | 0 | 10 | 0 |
| സ്ലിപ്പ്സ് ൧-ാംതരം | ൧ | ,, | 0 | 6 | 0 |
| ടി. ൨-ാം തരം | ൧ | ,, | 0 | 4 | 6 |
| ടി. ൩-ാം തരം | ൧ | ,, | 0 | 2 | 6 |
| പൈന്തി. (Bridge) | ൧ | ,, | 0 | 2 | 6 |
| ആണി. (Screw) | ൧ | ,, | 0 | 2 | 6 |
| പരന്തുവാൽ | ൧ | ,, | 0 | 10 | 0 |

### അലൂമിനം കാശുരൂപങ്ങൾ

| | | | | | |
|---|---|---|---|---|---|
| No. ൧. (മുട്ടഭാഷ) ഡസൻ | 1ക്ക | | 0 | 1 | 2 |
| നമ്പ്ര 1 സെൻറു ജോസഫ് | ,, | ,, | 0 | 1 | 9 |
| 1251 ഇത്താല്യൻ കാശു. | ,, | ,, | 0 | 3 | 6 |
| 50 വി. കുർബാന. | ,, | ,, | 0 | 12 | 0 |
| 53 തിഹൃദയം | ,, | ,, | 0 | 12 | 0 |
| 56 ടി. | ,, | ,, | 0 | 13 | 6 |
| 131 തിരുഹൃദയം. | ,, | ,, | 0 | 13 | 6 |
| 6434 ,, | ,, | ,, | 0 | 12 | 0 |
| 8 സൊഡാലിററി. | ,, | ,, | 1 | 0 | 0 |

### അലൂ. വെന്തിങ്ങ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. ഡസൻ 1ക്ക | ,, | 0 | 4 | 6 |
| 234 കക്കടവൃത്തം [illegible] | ,, | 0 | 4 | 6 |
| 331 നീണ [illegible] | ,, | 0 | 5 | 0 |
| 337 വൃത്തം | ,, | 0 | 5 | 0 |
| 338 വൃത്തം. | ,, | 0 | 8 | 0 |
| 7030 ചതിര എരട്ടത്തട്ടു ചെറുതു് | | 0 | 6 | 6 |
| 325 കക്കടവൃത്തം. | ,, | 0 | 8 | 0 |
| 324 കരിശുഭാഷ. | ,, | 0 | 6 | 6 |
| 7023 ചതിര ഒററത്തട്ടു. | ,, | 0 | 10 | 0 |
| 7231 ചതുര എരട്ടത്തട്ടു വലുതു് | ,, | 0 | 12 | 0 |
| 399 നക്ഷത്രഭാഷ. | ,, | 0 | 13 | 6 |
| 321 മുന്തിരിങ്ങാവള്ളിക്കെട്ടു | ,, | 0 | 13 | 6 |
| 398 കുരിശാകൃതി. ,, | ൧ക്ക | 0 | 10 | 0 |
| 389 ചങ്കുഭാഷകാശു ,, | ൧ക്ക | 0 | 5 | 0 |

### പളുങ്കുകാശുരൂപങ്ങൾ.

| | | | | | |
|---|---|---|---|---|---|
| ൧-ാം തരം ഡസ്സൻ 1 ക്ക | | | 5 | 0 | 0 |
| കാശു ൨-ാംതരം ഡസൻ | | ൧ക്ക | 3 | 12 | 0 |
| ടി. ൩-ാംതരം | ,, | ൧ക്ക | 3 | 6 | 0 |
| ടി. ൪-ാംതരം | ,, | ൧ക്ക | 2 | 10 | 0 |
| ടി. ൫-ാംതരം | ,, | ൧ക്ക | 1 | 14 | 0 |

### കുരിശുകൾ.

| | | | | | |
|---|---|---|---|---|---|
| അലൂ: കുരിശു $5\frac{1}{4}$ ഇഞ്ച് ഡസൻ | | 1 | 10 | 8 | 0 |
| ടി ,, $4\frac{3}{4}$ ,, | ,, | 1ക്ക | 7 | 8 | 0 |
| ടി ,, $2\frac{1}{4}$ ,, | ,, | 1ക്ക | 2 | 10 | 0 |
| ടി ,, $1\frac{3}{4}$ ,, | ,, | 1ക്ക | 1 | 14 | 0 |
| ചീനവെള്ളി ,, | ,, | 1ക്ക | 0 | 1 | 9 |
| 389 പുള്ളിക്കൊന്ത | ,, | 1ക്ക | 3 | 10 | 0 |
| 233 ഉരുക്കുകെട്ടു് | ,, | 1ക്ക | 2 | 14 | 0 |
| 390-ാംനമ്പ്ര പുള്ളിക്കൊന്ത | ,, | 1ക്ക | 4 | 0 | 0 |

### പടങ്ങൾ.

| | | | | |
|---|---|---|---|---|
| 8×10 വലിപ്പം സ്വിസ്. പടം ഡ. | | 1 | 8 | 0 |
| ടി ജർമ്മൻ പടം | ,, | 1 | 12 | 0 |
| 13×17 ടി ടി | ,, | 4 | 14 | 0 |
| 16×20 ടി ടി | ,, | 6 | 6 | 0 |
| പ്രയർബുക്ക സയിസു പടങ്ങൾ | ,, | 0 | 4 | 6 |
| ടി ടി | 100-ക്ക | 2 | 0 | 0 |
| 240 പടമുള്ള പാളിപ്പടംപാളി 1ക്ക | | 1 | 14 | 0 |

### പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപ്രസംഗപ്പാട്ടു ചരിത്രം 1ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം ,, | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | [illegible] | [illegible] |
| 4 വ്യാകുലപ്രസംഗം | 0 | 4 | [illegible] |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | [illegible] |
| 6 ജ്ഞാനമെ മന്ദർശ്ശൂർ അമ്മാന | 0 | 8 | 0 |
| 7 പുത്തൻപാന | 0 | 4 | 6 |
| 8 ശുദ്ധീകരവണക്കം | 0 | 13 | 6 |
| 9 നിത്യാരാധന | 2 | 0 | 0 |
| 10 പീയൂഷസംഗ്രഹം | 0 | 10 | 0 |
| 11 തിരുഹൃദയവണക്കം | 0 | 10 | 0 |
| 12 അത്ഭുതലീലിപ്പുഷ്പം | 0 | 4 | 0 |
| 13 കുടുംബപ്രതിഷ്ഠ | 0 | 2 | 0 |
| 14 ദേവമാതാവിൻ വണക്കം | 0 | 13 | 6 |
| 15 ടി. ക്രൂട്ടിക്കത്തിയതു്. | 1 | 6 | 0 |

**P. Pappy & Co.,**
Mannanam. Travancore